# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 691** — 25.07.2007 ൽ മറുപടിക്ക്.

## മൃഗശാലയിലെ അണുബാധ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ജെ. അരുന്ധതി<br>ശ്രീ ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. ആർ. സെൽവരാജ്<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. വി.ജെ. തങ്കപ്പൻ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും<br>വകുപ്പ് മന്ത്രി. |
| (എ) അണുബാധമൂലം തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങൾ ചാവുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഒരു വിദഗ്ദ്ധ സംഘം യോഗം ചേർന്ന് മറ്റുള്ള മൃഗങ്ങൾക്ക് ഇത് പകരാതിരിക്കുവാനുള്ള ശുപാർശകൾ നൽകി. രോഗബാധിതരായി അവശേഷിച്ച മൂന്ന് മിഥുനുകളെ അവയിൽ നിന്നുള്ള വൈറസുകൾ മറ്റു മൃഗങ്ങൾക്ക് പകരാതിരിക്കുവാൻ 5.7.2007 ന് ദയാവധത്തിനു വിധേയമാക്കുകയും ചെയ്തു. മണ്ണുത്തി വെറ്ററിനറി കോളേജിൽ നിന്നും വിദഗ്ദ്ധ ഡോക്ടർമാരുടെ ഒരു സംഘം പരിശോധന നടത്തുകയും വിദഗ്ദ്ധ സംഘം നൽകിയ ശുപാർശകൾ തന്നെയാണ് നടപ്പിലാക്കേണ്ടതെന്ന അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തു. വിദഗ്ദ്ധസംഘത്തിന്റെ ശുപാർശപ്രകാരം മൃഗശാലയിലെ രോഗബാധിത പ്രദേശങ്ങളിൽ നിന്നും രോഗാണുക്കൾ സന്ദർശകരുടെ പാദരക്ഷകൾ, വസ്ത്രങ്ങൾ എന്നിവയിലൂടെ പുറത്തേയ്ക്ക് പോയി രോഗം പുറത്തുള്ള വളർത്തു മൃഗങ്ങളിൽ വ്യാപിക്കാതിരിക്കുന്നതിന് വേണ്ടി മൃഗശാല 8.7.2007 -ൽ അടച്ചു. ഇതോടൊപ്പം മൃഗശാലയിലെ എല്ലാ ഭാഗങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരിച്ച് അണുനാശിനി വിതറുന്ന ജോലികൾ പി.ഡബ്ല്യു.ഡി മുഖേന നടപ്പി |

| | | | |
|---|---|---|---|
| | | | മാക്കിക്കൊണ്ടിരിക്കുന്നു. മൃഗശാലയിലെ മറ്റു മൃഗങ്ങളെ രോഗബാധയുണ്ടായ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽനിന്നും കഴിയാവുന്നിടത്തോളം അകലെയാക്കി സൂക്ഷിച്ചുവരുന്നു. രോഗബാധിതരായ മൃഗങ്ങളെ പരിചരിക്കുവാൻ 4.7.2007 മുതൽതന്നെ പ്രത്യേകം കീപ്പർമാരെ നിയോഗിക്കുകയും അവരെ മറ്റുള്ള മൃഗങ്ങളുമായി ഒരു രീതിയിലും ബന്ധപ്പെടുത്താതെ ശ്രദ്ധിക്കുകയും ചെയ്തുവരുന്നു. |
| (ബി) | മൃഗങ്ങൾക്ക് വ്യാപകമായി രോഗബാധയുണ്ടായത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | മൃഗശാലയിൽ വരുന്ന സന്ദർശകരിലൂടെയോ, അസുഖമുള്ള മൃഗങ്ങൾ ഉള്ള സ്ഥലത്തുകൂടെ വരുന്ന കാറ്റിലൂടെയോ, അണുബാധയുള്ള ആഹാര പദാർത്ഥങ്ങളിലൂടെയോ, മൃഗശാലയിൽ സ്വതന്ത്രമായി വിഹരിക്കുന്ന പക്ഷിമൃഗാദികളിലൂടെയോ (കാക്ക, കിളി, പ്രാവ്), മൃഗശാലയിൽകയറുന്ന വാഹനങ്ങളിലൂടെയോ രോഗബാധ ഉണ്ടായതായി അനുമാനി ക്കുന്നു. |
| (സി) | മൃഗങ്ങൾക്ക് കാലാകാലങ്ങളിൽ പ്രതിരോധ കുത്തിവെയ്പ് നടത്താത്തതാണ് രോഗബാധയ്ക്കുകാരണമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (സി) | ഉണ്ട്. കുളമ്പ് രോഗത്തിനെതിരായി വന്യമൃഗങ്ങളിൽ പ്രയോഗിക്കാവുന്ന യാതൊരു വിധ പ്രതിരോധ കുത്തിവയ്പും നിലവിൽ ഇല്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. |
| (ഡി) | രോഗബാധയുടെ കാരണം സംബന്ധിച്ച് ഒരു സ്വതന്ത്ര ഏജൻസിയെക്കൊണ്ട് അന്വേഷണം നടത്തുമോ ? | (ഡി) | ബാംഗ്ലൂരിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻറ് വെറ്ററിനറി ബയോളജിക്കൽസ് സതേൺ റീജണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറിയിലെ രണ്ട് പേരടങ്ങുന്ന വിദഗ്ധ സംഘത്തെക്കൊണ്ട്. അന്വേഷണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭ ചോദ്യം നമ്പർ 692

25.07.2007-ൽ മറുപടിയ്ക്കു്

## "ശബരിമലയിൽ സ്ത്രീകളുടെ പ്രവേശനം"

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.കെ.സുധാകരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.എം.മുരളി | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും, കയറും, ദേവസ്വവും വകുപ്പ് മന്ത്രി. |
| (എ) ശബരിമലയിൽ പത്ത് വയസ്സിനും അമ്പത് വയസ്സിനും ഇടയിൽ പ്രായമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കുന്നത് ആചാര വിരുദ്ധമെന്ന് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകുന്നതിനു് ഇതു സംബന്ധിച്ച കേസിലെ സ്റ്റാൻഡിംഗ് കൗൺസിലിനു് സർക്കാർ നിർദ്ദേശം നൽകിയിരുന്നോ; | (എ) ഇല്ല. |
| (ബി) സർക്കാരിന്റെ മുൻ നിലപാടിനു വിരുദ്ധമായി സ്ത്രീകൾക്കു് ശബരിമലയിൽ പ്രവേശനം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു് സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;<br><br>(സി) എങ്കിൽ അതിനുള്ള സാഹചര്യം എന്തെന്നു വ്യക്തമാക്കുമോ; | (ബി) & (സി) ഉണ്ടു്. ഏതെങ്കിലും ഒരു വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്കു് ക്ഷേത്രപ്രവേശനവും, ആരാധനയും നിഷേധിക്കുന്നതു് ഉചിതമല്ല എന്നു് സർക്കാർ കരുതുന്നു. അതിനാൽ ഹിന്ദു മതത്തിൽപ്പെട്ട സ്ത്രീകളായ എല്ലാ ഈശ്വര വിശ്വാസികൾക്കും പ്രായഭേദമന്യേ ശബരിമലയിൽ പ്രവേശനം നൽകണമെന്നതാണു് സർക്കാരിന്റെ അഭിപ്രായം. എന്നാൽ ശബരിമലയിൽ വളരെക്കാലമായി തുടർന്നുവരുന്ന ഒരു ആചാരമാണു് 10-50-നു ഇടയിൽ പ്രായമുള്ള സ്ത്രീകളെ പ്രവേശിപ്പിക്കാത്തതു് എന്നതു് കണക്കിലെടുത്തു് പ്രായഭേദമന്യേ സ്ത്രീകൾക്കു് ശബരിമലയിൽ പ്രവേശിച്ചു് ആരാധന നടത്താമോ എന്നതു് സംബന്ധിച്ചു് ഹിന്ദുമതത്തെക്കുറിച്ചു് ആധികാരികമായ അറിവുള്ള പണ്ഡിതന്മാരും, |

| | |
|---|---|
| | പ്രശസ്തരും അഴിമതിരഹിതരുമായ സാമൂഹ്യ പരിഷ്കർത്താക്കളും ഉൾപ്പെട്ട അനുയോജ്യമായ ഒരു കമ്മിഷനെ നിയോഗിക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതിയോട് സർക്കാർ സത്യവാങ്മൂലത്തിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഡി) ഇതു സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ഡി) കാലത്തിനനുസരിച്ച് ന്യായമായ അഭിപ്രായം അറിയിക്കണമെന്ന് അറിയിച്ചിട്ടുണ്ട്. |
| (ഇ) സർക്കാരിന്റെ പുതിയ തീരുമാനം ക്ഷേത്ര ആചാരങ്ങൾക്ക് വിരുദ്ധമായതിനാൽ ഇക്കാര്യം പരിശോധിക്കുന്നതിനായി ഒരു ഉന്നതതല സമിതിയെ നിയോഗിക്കാൻ തയ്യാറാവുമോ; എങ്കിൽ ഇത്തരത്തിലൊരു ഉന്നതതല സമിതിയെ നിയോഗിക്കുവാൻ സുപ്രീം കോടതിയിൽ ആവശ്യപ്പെടുമോ? | (ഇ) ശബരിമലയിൽ എല്ലാ പ്രായത്തിലുംപ്പെട്ട സ്ത്രീകളെ പ്രവേശിപ്പിക്കണമോ എന്നതു സംബന്ധിച്ച് വിദഗ്ദ്ധ അഭിപ്രായം ആവശ്യമാണ് എന്നതിനാൽ ഇതു സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ഹിന്ദുമതത്തിൽ അഗാധവും ആധികാരികവുമായി പാണ്ഡിത്യമുള്ളവരെയും അറിയപ്പെടുന്ന സാമൂഹിക പരിഷ്കർത്താക്കളെയും ഉൾപ്പെടുത്തി അനുയോജ്യമായ ഒരു കമ്മിഷനെ നിയോഗിക്കുവാൻ ബഹുമാനപ്പെട്ട സുപ്രീം കോടതിയോട് സർക്കാർ അഭ്യർത്ഥിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 693 25.7.07 ൽ മറുപടിക്ക്.

## ഓപ്പൺ യൂണിവേഴ്സിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.എം. ദിനേശ്മണി :<br>ശ്രീ. പി.ജയരാജൻ :<br>ശ്രീമതി കെ.കെ. ലതിക :<br>ശ്രീ. മഞ്ഞളാംകുഴി അലി:<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പു മന്ത്രി) |
| (എ) ഉന്നത വിദ്യാഭ്യാസ രംഗത്ത് കൂടുതൽ പേർക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിക്കുന്നതിനായി സംസ്ഥാനത്ത് ഒരു ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ ; | (എ) ഉണ്ട്. |
| (ബി) കേന്ദ്ര സർക്കാരിൽ നിന്നും മറ്റ് ഏജൻസികളിൽ നിന്നും ഇതിന് ധനസഹായം ലഭിക്കുമോ ; വിശദാംശം വെളിപ്പെടുത്തുമോ ; | (ബി) ഓപ്പൺ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് സമർപ്പിച്ച റിപ്പോർട്ടുകൾ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (സി) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിലായി എത്രപേർ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട് ; | (സി) ലഭ്യമായ കണക്കുകൾ പ്രകാരം 2006-07 വർഷത്തിൽ 68790 വിദ്യാർത്ഥികൾ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടുണ്ട്. ഇതു കൂടാതെ വിദൂര പഠന കേന്ദ്രത്തിൽ 25850 വിദ്യാർത്ഥികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ഡി) സംസ്ഥാനത്ത് ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ചും നടത്തേണ്ട കോഴ്സുകളെ സംബന്ധിച്ചും പഠിച്ച് റിപ്പോർട്ട് നൽകുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുമോ ? | (ഡി) ഇക്കാര്യത്തിൽ സർക്കാരിന് ലഭ്യമാക്കിയ റിപ്പോർട്ടിൻമേൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ അഭിപ്രായം തേടിയിരിക്കയാണ്. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 694

25.7.2007-ൽ മറുപടിക്ക്

## സീസൺ ടിക്കറ്റുകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.മുരളി പെരുനെല്ലി<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു<br>ശ്രീ.വി.ചെന്താമരാക്ഷൻ<br>ശ്രീ.കെ.വി.അബ്ദുൾഖാദർ | ശ്രീ.എം.വിജയകുമാർ<br>നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി |
| എ) ട്രെയിൻ സീസൺ ടിക്കറ്റുകാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) തിരുവനന്തപുരത്തുനിന്നും തിരിക്കുന്ന എക്സ്പ്രസ്സ് ട്രെയിനുകളിൽ റിസർവേഷനില്ലാത്ത എത്ര ബോഗികൾ അനുവദിച്ചിട്ടുണ്ട്; | ബി) കുറഞ്ഞത് 2-3 ജനറൽ കോച്ചുകളെങ്കിലും ഉണ്ടായിരിക്കണമെന്നത് ഉറപ്പാക്കിയിട്ടുണ്ട്. |
| സി) റിസർവേഷനില്ലാത്ത ബോഗികളുടെ എണ്ണം കുറവായതുകൊണ്ട് റിസർവേഷൻ ബോഗികളിൽ യാത്ര ചെയ്യേണ്ടിവരുന്ന വനിതകൾ ഉൾപ്പെടെയുള്ള യാത്രക്കാരോട് ടിക്കറ്റ് പരിശോധകർ മോശമായി പെരുമാറുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ;<br>ഡി) എങ്കിൽ ഇത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കാൻ റയിൽവെ വകുപ്പിനോട് ആവശ്യപ്പെടുമോ; | (സി) യും (ഡി) യും<br>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്കെതിരെ നടപടികൾ കൈക്കൊള്ളുന്നതിന് റെയിൽ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുന്നതാണ്. |
| ഇ) റിസർവേഷനില്ലാത്ത അഞ്ച് ബോഗികളെങ്കിലും എക്സ്പ്രസ്സ് ട്രെയിനുകളിൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് അഭ്യർത്ഥിക്കുമോ? | ഇ) സംസ്ഥാനത്ത്നിന്നും ആരംഭിക്കുന്ന ദീർഘദൂര എക്സ്പ്രസ് ട്രെയിനുകളിൽ പരമാവധി കോച്ചുകൾ ഘടിപ്പിച്ചാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നതെന്നും (22/23 കോച്ചുകൾ) അതിനാൽ അവയിൽ കൂടുതൽ ജനറൽ കോച്ചുകൾ വേണമെന്ന |

ആവശ്യം ഉള്ളപ്പോൾ ലഭ്യമാക്കാൻ കഴിയില്ല എന്നും റെയിൽവേ അറിയിച്ചിട്ടുണ്ട്. എന്നാൽ ആവശ്യമെങ്കിൽ കുറഞ്ഞത് 2/3 ജനറൽ കോച്ചുകളെങ്കിലും ഉണ്ടായിരിക്കണമെന്നത് ഉറപ്പാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 695 — 25.07.2007 ൽ മറുപടിയ്ക്ക്

### വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സ് പാസ്സായവരുടെ ഉപരിപഠനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.എം. മോനായി<br>ശ്രീ. ടി.പി. കുഞ്ഞുണ്ണി<br>ശ്രീ. എ.സി. മൊയ്തീൻ<br>ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. പി.ടി.എ. റഹിം | | ശ്രീ. എം.എ. ബേബി<br>(ബഹു. വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സ് രാജ്യത്തെ എല്ലാ യൂണിവേഴ്സിറ്റികളും പ്ലസ്ടു കോഴ്സിന് തുല്യമായി അംഗീകരിച്ച് ഉപരിപഠനത്തിന് അനുമതി നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ; | (ബി) | രാജ്യത്തെ എല്ലാ യൂണിവേഴ്സിറ്റികളും, വൊക്കേഷണൽ ഹയർസെക്കണ്ടറി കോഴ്സുകളെ പ്ലസ്ടു/സി.ബി.എസ്.ഇ. കോഴ്സുകൾക്ക് തുല്യമായി അംഗീകരിക്കുന്നതിന് വിശദമായ പ്രൊപ്പോസൽ അസോസിയേഷൻ ഓഫ് ഇന്ത്യൻ യൂണിവേഴ്സിറ്റീസിന് സമർപ്പിക്കുകയുണ്ടായി. ഇതിന്റെ ഫലമായി VHSE കോഴ്സുകൾ +2 / CBSE കോഴ്സുകൾക്ക് തുല്യമായി പരിഗണിക്കേണ്ടതാണെന്ന് AIU ശുപാർശ ചെയ്തിട്ടുണ്ട്. കൂടാതെ കർണ്ണാടകയിലെ രാജീവ്ഗാന്ധി യൂണിവേഴ്സിറ്റി VHSE Domestic Nursing, MLT കോഴ്സുകൾ പാസായ വിദ്യാർത്ഥികൾക്ക് യഥാക്രമം BSc Nursing നും BSc MLT യ്ക്കും പ്രവേശനം നേടാനുള്ള അനുമതി നൽകിയിട്ടുണ്ട്. |
| (സി) | രാജ്യരക്ഷാ വകുപ്പും പോസ്റ്റൽ വകുപ്പും സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് സർട്ടിഫിക്കറ്റ് അംഗീകരിക്കുന്നില്ല എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ഡി) | നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## VOCATIONAL HIGHER SECONDARY EDUCATION
## LIST OF COURSES OFFERED 2006-2007

### GROUP – I

**I. Engineering Technology**

1. Civil Construction and Maintenance
2. Maintenance and Repairs of Two Wheelers and Three Wheelers
3. Maintenance and Repairs of Automobiles
4. Maintenance and Repairs of Radio and Television
5. Maintenance and Repairs of Domestic Appliances
6. Mechanical Servicing (Agro-machinery)
7. Refrigeration and Air-conditioning.
8. Printing Technology
9. Rubber Technology
10. Textile Dyeing and Printing
11. Textile Weaving
12. Computer Science
13. Computer Application

### GROUP – II

**I. Agriculture**

14. Plant Protection
15. Fruits and Vegetables
16. Nursery Management and Ornamental Gardening
17. Sericulture

**II. Animal Husbandry**

18. Livestock Management (Dairy Husbandry)
19. Livestock Management (Poultry Husbandry)
20. Dairying (Milk Products)

**III. Fisheries**

21. Aquaculture
22. Fishing Craft and Gear Technology
23. Maintenance and Operation of Marine Engines
24. Fish Processing Technology

IV. **Paramedical**

25. Medical Laboratory Technician
26. Maintenance and Operation of Bio Medical Equipments
27. ECG and Audiometric Technician
28. Domestic Nursing
29. Dental Technology
30. Physiotherapy

V. **Physical Education**

31. Physical Education

VI. **Home Science**

32. Clothing and Embroidery
33. Cosmetology and Beauty Parlour Management
34. Crèche and Pre-School Management

**GROUP – III**

**Humanities**

35. Travel and Tourism

**GROUP – IV**

**Business and Commerce**

36. Office Secretaryship
37. Accountancy and Auditing
38. General Insurance
39. Marketing and Salesmanship
40. Reception, Book-Keeping and Communication
41. Catering and Restaurant Management
42. Banking Assistance

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 696

## 25.07.2007 - ൽ മറുപടിക്ക്

## സൂപ്പർ കോ-ഓപ്പറേറ്റീവ് ആശുപത്രി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ<br>ശ്രീ. ബാബു പോൾ<br>ശ്രീ. പി. തിലോത്തമൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) ഓരോ ജില്ലയിലും സൂപ്പർ കോ-ഓപ്പറേറ്റീവ് ആശുപത്രികൾ സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുവേണ്ടി എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ; | എ) ഉണ്ട്. സഹകരണ നവരത്നം പദ്ധതിയിൻ കീഴിൽ ഒരു ജില്ലയിൽ ചുരുങ്ങിയത് രണ്ടു സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികളും ഒരു താലൂക്കിൽ ഇടത്തരം സൗകര്യങ്ങളുള്ള ഒരു ആശുപത്രിയും സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതിന് സഹകാരികൾക്ക് അനുവാദം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. ആയതിനുള്ള പ്രാരംഭതല നടപടികൾ സഹകാരികളാണ് ആരംഭിക്കേണ്ടത്. |
| ബി) ജില്ലാ ആശുപത്രികൾക്കു പുറമെ പഞ്ചായത്ത് താലൂക്ക് ആസ്ഥാനങ്ങളിലും സഹകരണ ആശുപത്രികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>എങ്കിൽ ഈ ആശുപത്രികളിൽ എന്തെല്ലാം സേവനങ്ങളാണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ; | ബി) നിലവിൽ പഞ്ചായത്ത് താലൂക്ക് ആസ്ഥാനങ്ങളിൽ സഹകരണ മേഖലയിൽ ആശുപത്രികൾ ഇല്ലാത്ത സ്ഥലങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിൻെറ അധീനതയിലുള്ള എല്ലാ പ്രൈമറി ഹെൽത്തു സെൻററുകളിലും താലൂക്ക്/ജില്ലാ ആശുപത്രികളിലും ആരോഗ്യ വകുപ്പുമായി സഹകരിച്ച് സഹകരണ ക്ലിനിക്കൽ ലബോറട്ടറി സ്ഥാപിക്കാനും, രക്ത പരിശോധന, ഇ.സി.ജി. എക്സ്റേ, സ്കാനിംഗ് തുടങ്ങിയ പരിശോധനകൾ ചുരുങ്ങിയ ചെലവിലും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് സൗജന്യമായും നടത്താനാണ് ഉദ്ദേശിക്കുന്നത്. അതാതു സ്ഥലത്തെ സഹകരണ ബാങ്കുകളോ അല്ലെങ്കിൽ പുതിയ സഹകരണ സംഘങ്ങൾ |

| | | | |
|---|---|---|---|
| | | | രൂപീകരിച്ചോ ഇത്തരം സംരംഭങ്ങൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഏറ്റെടുത്തു നടത്താനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ സുഗമമായ നടത്തിപ്പിന് ആരോഗ്യ വകുപ്പുമായി ആലോചിച്ച് സാങ്കേതിക സഹായമടക്കമുള്ള കാര്യങ്ങളിൽ പ്രോജക്ട് തയ്യാറാക്കിയും ആരോഗ്യ വകുപ്പിൽ നിന്നും വാർഷിക സബ്സിഡി പ്രതീക്ഷിച്ചുകൊണ്ടും ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |
| സി) | ആദ്യഘട്ടമെന്ന നിലയിൽ എത്ര പഞ്ചായത്തുകളിൽ ഇത്തരം ആശുപത്രികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ? | സി) | ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:697 25/7/2007 ൽ മറുപടിയ്ക്ക്

## മലയാള പഠനം നിർബന്ധമാക്കുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.ടി.ജലീൽ:<br>ശ്രീ.വി.ചെന്താമരാക്ഷൻ:<br>ശ്രീമതി പി.അയിഷാപോറ്റി:<br>ശ്രീ.എം.ജെ.ജേക്കബ്:<br>ശ്രീ.കെ.വി.കുഞ്ഞിരാമൻ: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്ക്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) നാലാം ക്ലാസ്സുവരെ മലയാള പഠനം നിർബന്ധമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) കരിക്കുലം കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 3,4 ക്ലാസുകളിൽ നിലവിൽ സ്റ്റേറ്റ് സിലബസിനായി തയാറാക്കിയിരിക്കുന്ന ഭാഷാ പാഠപുസ്തകങ്ങൾ (മലയാളം, തമിഴ്, കന്നട) ഉപയോഗിക്കാൻ തീരുമാനിച്ചു. 1,2 ക്ലാസുകളിൽ ഉദ്ഗ്രഥിത പാഠപുസ്തകങ്ങൾ സ്റ്റേറ്റ് സിലബസിൽ ഉപയോഗിക്കുന്നതിനാൽ അവയിലെ ഭാഷാപരമായ പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് പുസ്തകം രൂപപ്പെടുത്താൻ തീരുമാനിച്ചു. ഈ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി ഒന്ന്, രണ്ട് ക്ലാസുകളിലെ പാഠ പുസ്തകവും അദ്ധ്യാപകസഹായിയും രൂപപ്പെടുത്തി കരിക്കുലം സബ്കമ്മിറ്റിയിൽ സമർപ്പിക്കുകയുണ്ടായി. സബ്കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം CBSE/ICSE സ്കൂളുകളിലെ അദ്ധ്യാപകർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റിയിൽ പാഠപുസ്തകം സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി. ഇക്കാര്യത്തിൽ CBSE/ICSE മാനേജ്മെന്റ് അസോസിയേഷന്റെ അഭിപ്രായം കൂടി ആരാഞ്ഞശേഷം എത്രയും വേഗം പുസ്തകം അച്ചടിച്ചു നൽകുന്നതാണ്. |
| (ബി) ഇപ്പോൾ എല്ലാ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും മലയാളഭാഷ പഠിപ്പിക്കുന്നുണ്ടോ; | (ബി) സ്റ്റേറ്റ് സിലബസ് അനുസരിച്ച് അദ്ധ്യയനം നടത്തുന്ന എല്ലാ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നുണ്ട്. |

⇨

| | |
|---|---|
| (സി) ഇതിനായി പ്രത്യേക മലയാള പാഠാവലി തയ്യാറാക്കിയിട്ടുണ്ടോ; | (സി) അംഗീകൃത അൺഎയ്ഡഡ്, സർക്കാർ, എയ്ഡഡ് സ്കൂളുകളിലും മലയാള ഭാഷാ പഠനത്തിനായി പാഠാവലി ഉണ്ട്. |
| (ഡി) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മലയാള പഠനത്തിനായി ആഴ്ചയിൽ എത്ര മണിക്കൂർ വിനിയോഗിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ അതിനായി നിശ്ചിത സമയം മാറ്റിവയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) 1 മുതൽ 4 വരെയുള്ള പ്രൈമറി ക്ലാസുകൾക്ക് ആഴ്ചയിൽ നാലു പിരീഡുകളും 5 മുതൽ 10 വരെയുള്ള ക്ലാസുകൾക്ക് 6 പിരീഡുകളുമാണ് മലയാളം പഠനത്തിനായി വിനിയോഗിക്കുവാൻ നിഷ്കർഷിച്ചിട്ടുള്ളത്. ലോവർ പ്രൈമറി വിഭാഗത്തിനും, യു.പി/ ഹൈസ്കൂൾ വിഭാഗത്തിനും യഥാക്രമം 3 മണിക്കൂറും 4.50 മണിക്കൂറുമാണ് ആഴ്ച മലയാള പഠനത്തിന് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.698. 25-7-2007-ൽ മറുപടിക്ക്

<u>സർക്കാർ അഭിഭാഷകരുടെ നിയമനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ.മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീ.എൻ.അനിരുദ്ധൻ:<br>ശ്രീ.കെ.രാജു:<br>ശ്രീ.പി.തിലോത്തമൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)ജില്ലാതല സർക്കാർ അഭിഭാഷകരെ നിയമിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണ്; | 1978-ലെ കെ.ജി.എൽ.ഒ.ചട്ടങ്ങളിലെ 8-ാം ചട്ടത്തിൽ അനുശാസിക്കുന്ന പ്രകാരമാണ് ജില്ലാതല സർക്കാർ അഭിഭാഷകരെ നിയമിക്കുന്നത്. അപ്രകാരം നിയമനം ലഭിക്കുന്നതിന് അഭിഭാഷകനായി 7 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം ഉണ്ടായിരിക്കണം. ജില്ലാ ജഡ്ജിയുമായി കൂടിയാലോചിച്ച് ജില്ലാ കലക്ടർ ഗവൺമെന്റിനു സമർപ്പിക്കുന്ന പാനലിൽ നിന്നുമാണ് നിയമനം നടത്തുന്നത്. പാനൽ സമർപ്പിക്കുന്നതിന് മുമ്പ്, പാനലിൽ ഉൾപ്പെടുന്ന അഭിഭാഷകരുടെ സ്വഭാവവും മുൻകാല പ്രവർത്തനങ്ങളും ജില്ലാ പോലീസ് സൂപ്രണ്ട് മുഖേന അന്വേഷിച്ച് സർക്കാർ അഭിഭാഷകനായി നിയമിക്കപ്പെടാൻ അവർ യോഗ്യരാണെന്ന് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതുണ്ട്. അപ്രകാരം ലഭിക്കുന്ന പാനലിൽനിന്നും ജില്ലാ ഗവൺമെന്റ് പ്ലീഡറെ മന്ത്രിസഭയുടെ അനുമതിയോടുകൂടിയും അഡീഷണൽ ജില്ലാ ഗവൺമെന്റ് പ്ലീഡർമാരെ നിയമവകുപ്പുമന്ത്രിയുടെ അനുമതിയോടുകൂടിയും 3 വർഷത്തേയ്ക്കാണ് നിയമിക്കുന്നത്. |

| | |
|---|---|
| (ബി) ഇതിലേയ്ക്കായി ചില ജില്ലാ ജഡ്ജിമാർ അഭിഭാഷകരിൽ നിന്നും അപേക്ഷ ക്ഷണിച്ച് ഇൻറർവ്യൂ നടത്തി, സെലക്ഷൻ ലിസ്റ്റ് മുൻഗണനാക്രമത്തിൽ തയ്യാറാക്കി അയയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ നടപടിക്രമം നിയമാനുസൃതമാണോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ജില്ലാ സർക്കാർ അഭിഭാഷകരെ നിയമിക്കുന്നതിനാവശ്യമായ വ്യക്തമായ പുതിയ ചട്ടങ്ങൾ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ? | ഇപ്പോഴുള്ള നടപടിക്രമങ്ങൾ വ്യക്തവും പര്യാപ്തവുമാണ്. ആയതിനാൽ പുതിയ ചട്ടങ്ങൾ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ സർക്കാരിൻെറ പരിഗണനയിലില്ല. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം:699 — 25/7/2007 ൽ മറുപടിയ്ക്ക്

## സംസ്ഥാന വിദ്യാഭ്യാസ ഉപദേശക സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൽഫോൺസ് കണ്ണന്താനം:<br>ശ്രീ.എ.പ്രദീപ് കുമാർ:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.എം.ഹംസ:<br>ശ്രീ.ബാബു.എം.പാലിശ്ശേരി: | ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന വിദ്യാഭ്യാസ ഉപദേശക സമിതി പുനസംഘടിപ്പിച്ചിട്ടുണ്ടോ; | (എ)29/9/2006 ലെ സ.ഉ(പി)നമ്പർ. 248/06/പൊവിവ പ്രകാരം ഡോ.എം.ആർ.രാഘവവാര്യർ ചെയർമാനായി സംസ്ഥാനവിദ്യാഭ്യാസ ഉപദേശക സമിതി പുന:സംഘടിപ്പിച്ചിട്ടുണ്ട്. |
| (ബി) സമിതിയുടെ ചുമതലകൾ എന്തെല്ലാമാണ്; | (ബി) വിദ്യാഭ്യാസ നയരൂപീകരണത്തിനും ഭരണനിർവ്വഹണത്തിനും വേണ്ട ഉപദേശങ്ങൾ ഗവൺമെന്റിനു നൽകുക എന്നതാണ് വിദ്യാഭ്യാസ ഉപദേശക സമിതിയുടെ ചുമതല |
| (സി) സമിതി ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ശുപാർശകൾ എന്തെല്ലാമാണ്; | (സി) ഉണ്ട്<br>താഴെപറയുന്ന വിഷയങ്ങൾ സംബന്ധിച്ചുള്ള ശുപാർശകൾ സമിതിയുടെ ഇടക്കാല റിപ്പോർട്ടിലുണ്ട്:<br>1. വിദ്യാഭ്യാസ ലക്ഷ്യങ്ങളുടെ പുനർനിർണ്ണയം.<br>2. ഉച്ചഭക്ഷണം.<br>3. സ്കൂൾ പരിസരം; പ്രാഥമിക സൗകര്യങ്ങൾ.<br>4. മാതൃഭാഷാപഠനം മെച്ചപ്പെടുത്തൽ<br>5. ഇംഗ്ലീഷ് പഠനം<br>6. മറ്റു ഭാഷകൾ<br>7. ഗണിത പഠനം<br>8. കമ്പ്യൂട്ടർ ഉപയോഗിച്ചുള്ള പഠനം<br>9. കായിക പരിശീലന പരിപാടി |

⇨

| | |
|---|---|
| | 10. സ്കൂൾ ഭരണം<br>11. ഹെഡ്മാസ്റ്റർമാരുടെ അക്കാദമിക് മോണിറ്ററിംഗ്<br>12. വിദ്യാലയ വികസനം<br>13. സാദ്ധ്യായ ദിവസങ്ങൾ<br>14. സ്കൂൾ സമയം<br>15. വിദ്യാഭ്യാസ ഏജൻസികളുടെ ഏകോപനം<br>16. സ്വകാര്യ പഠനം<br>17. അദ്ധ്യാപക പരിശീലനം<br>18. അദ്ധ്യാപക വിദ്യാർത്ഥി അനുപാതവും ഗുണനിലവാരവും<br>19. അടിയന്തിര കർമ്മ പദ്ധതി |
| (ഡി) ഇവ നടപ്പാക്കുന്ന കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ഡി) സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിലെ ശുപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ഇ) മുമ്പ് നിലവിലിരുന്ന ഉപദേശക സമിതി നൽകിയിട്ടുള്ള ശുപാർശകളിൽ ഇനിയും നടപ്പിലാക്കിയിട്ടില്ലാത്തവ എന്തെല്ലാം; ഇവ നടപ്പാക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ? | (ഇ) ഡോ.എം.വി.പൈലി ചെയർമാനായി 6/4/2002 ൽ നിലവിൽ വന്ന വിദ്യാഭ്യാസ ഉപദേശകസമിതി 2003 ൽ ഒരു വിദ്യാഭ്യാസ നയത്തിന്റെ കരടിന് രൂപം നൽകുകയുണ്ടായി. ഈ കരട് നയം ഉപദേശകസമിതി അന്തിമമായി അംഗീകരിക്കുന്നതിന് മുമ്പ് തന്നെ സമിതിയുടെ കാലാവധി കഴിഞ്ഞതിനാൽ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ - 700

## 25.07.2007 - ൽ മറുപടിക്ക്

## സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.ടി.എ. റഹിം:<br>ശ്രീ. സാജുപോൾ:<br>ശ്രീമതി കെ.എസ്. സലീഖ:<br>ശ്രീ. എ.എം. യൂസഫ്:<br>ശ്രീ. സൈമൺ ബ്രിട്ടോറോഡ്രിഗ്സ്: | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | എ) സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി സഹകരണ ഓഡിറ്റ് ഡയറക്ടറെ നിയമിക്കുന്നതിനുള്ള നോട്ടിഫിക്കേഷൻ ആയിക്കഴിഞ്ഞു. നിലവിലുള്ള കേരള സഹകരണ ആഡിറ്റ് മാനുവൽ പരിഷ്ക്കരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയോഗിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ കണക്കുകളിലെ കമ്പ്യൂട്ടറൈസേഷൻ, ആധുനികവൽക്കരണം, എന്നിവയിലൂടെ കാലോചിതമായ മാറ്റം വരുത്തുന്നതിന് വേണ്ടിയുള്ള വിദഗ്ധ സമിതിയെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ആഡിറ്റ് 2005-2006 വരെ പരമാവധി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കയർ, കൈത്തറി സഹകരണ സംഘങ്ങളുടെ 2005-2006 വരെയുള്ള ആഡിറ്റ് സംസ്ഥാനത്ത് ഒട്ടാകെ പൂർത്തിയായിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പ സംഘങ്ങളുടെ 2005-2006 വരെയുള്ള ഓഡിറ്റ് 30/09/2007 - നകം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | ഡയറക്ടറേറ്റ് ഓഫ് ഓഡിറ്റ് രൂപീകരിച്ചതിന്റെ ഫലമായി ഈ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ; | ബി) | ഡയറക്ടറേറ്റ് ഓഫ് ആഡിറ്റ് രൂപീകരിക്കുന്നതിന് നോട്ടിഫിക്കേഷൻ ആയി കഴിഞ്ഞു. ചട്ടങ്ങൾ രൂപീകരിച്ച് ആയത് നിലവിൽ വരുന്നതോടെ, ഓഡിറ്റിൽ കൃത്യമായ നിബന്ധനകൾ, മാനദണ്ഡങ്ങൾ, സമയപരിധി എന്നിവ ഉറപ്പു വരുത്തുന്നതിന് സാധിയ്ക്കുമെന്നതിനാൽ ഈ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാനാകും. |
| സി) | കൃത്യമായി ഓഡിറ്റ് നടത്താത്ത എത്ര സ്ഥാപനങ്ങളാണുള്ളത്; ഈ സ്ഥാപനങ്ങളിലെ ഓഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻഗണന നൽകുമോ? | സി) | 31.3.2007 ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഓഡിറ്റ് നടത്താൻ കഴിയുന്ന സ്ഥാപനങ്ങളുടെ എണ്ണം 17772 ആണ്. ഇതിൽ 11940 സ്ഥാപനങ്ങളിൽ 2005-2006 വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കാനുണ്ട്. ഇവയുടെ ഓഡിറ്റ് പൂർത്തിയാക്കുന്നതിന് മുൻഗണന നൽകുന്നതാണ്. |

(signature)

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:701

25/07/2007-ൽ മറുപടിക്ക്

## എറണാകുളം ജില്ലയിലെ ഭൂമി കൈമാറ്റങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പ്രൊഫ.കെ.വി.തോമസ്: | ശ്രീ.കെ.പി.രാജേന്ദ്രൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എറണാകുളം ജില്ലയിൽ നടന്ന ഭൂമി കൈമാറ്റങ്ങളെപ്പറ്റി അന്വേഷിക്കുവാൻ പ്രത്യേക സ്ക്വാഡിനെ നിയമിച്ചിട്ടുണ്ടോ; | (എ) ഭൂമി കൈമാറ്റങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് എറണാകുളം ജില്ലയിൽ പ്രത്യേക സ്ക്വാഡ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ടാസ്ക് ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ സ്ക്വാഡിലെ അംഗങ്ങൾ ആരെല്ലാമാണ്; എന്തെല്ലാം കാര്യങ്ങളാണ് ഈ സ്ക്വാഡ് അന്വേഷിക്കുന്നത്; | (ബി) പ്രത്യേക സ്ക്വാഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും, അംഗങ്ങളെ നിശ്ചയിച്ചിട്ടില്ല. |
| (സി) ഭൂമി കച്ചവടത്തിൽ വിദേശബന്ധം ഉണ്ടോ എന്നന്വേഷിക്കുന്നുണ്ടോ;<br><br>(ഡി) ഭൂമി കച്ചവടത്തിൽ വിദേശബന്ധമുള്ള പക്ഷം എന്തെല്ലാം തരം നടപടികളെടുക്കുവാനുദ്ദേശിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) യും (ഡി) യും.<br>ഭൂമി കൈമാറ്റങ്ങളെക്കുറിച്ച് വസ്തുനിഷ്ഠമായി പരാതികൾ ലഭിക്കുന്ന പക്ഷം രജിസ്ട്രേഷൻ വകുപ്പുമായി ചേർന്ന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഭൂമി കച്ചവടത്തിൽ ബന്ധപ്പെടുന്നവർ ആരെല്ലാമാണെന്ന് വിശദമായി അന്വേഷിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

-----

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 702. 25-07-2007 - ൽ മറുപടിക്ക്

<u>ഡോ. എൻ.എ. കരീം കമ്മിറ്റി റിപ്പോർട്ട്</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:
" കെ.വി. അബ്ദുൾ ഖാദർ:
" ബി.ഡി. ദേവസ്സി:
" കെ.ടി. ജലീൽ:
" പി. കൃഷ്ണപ്രസാദ്.

ശ്രീ. എം.എ. ബേബി
(വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും
വകുപ്പുമന്ത്രി)

| | |
|---|---|
| (എ) ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിനായി നിയോഗിച്ചിരുന്ന ഡോ.എൻ എ.കരീം അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (എ) റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. |
| (ബി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിന് മുമ്പ് ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | (ബി) തീരുമാനമായിട്ടില്ല. |
| (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എത്ര സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇതിനകം ന്യൂനപക്ഷ പദവി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (സി) കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ വിവരം ശേഖരിച്ചു നൽകുന്നതാണ് |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 706 — 2007 ... -ന് മറുപടിക്ക്

പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണവും പ്രോത്സാഹനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.വിശ്വൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.ബി.രാഘവൻ<br>ശ്രീ.കെ.വി.രാജഗോപാലൻ | ശ്രീ.എം.എ. ബേബി<br>(ബഹുമാനപ്പെട്ട വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ) കേരളത്തിലെ പ്രാചീന കലാരൂപങ്ങൾ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | എ) പ്രാചീന കലകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ കേരള സംഗീതനാടക അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി, കേരള കലാമണ്ഡലം എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾക്ക് വർഷം തോറും പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും വാർഷിക ബഡ്ജറ്റിൽ ഉൾപ്പെടുത്തി സർക്കാർ നൽകുന്നുണ്ട്. കേരള കലാമണ്ഡലം കഥകളി, കൂടിയാട്ടം, മോഹിനിയാട്ടം, തുള്ളൽ, പഞ്ചവാദ്യം എന്നീ കലകളിൽ പരിശീലനം കൊടുക്കുകയും ഇന്ത്യയിലും വിദേശങ്ങളിലുമായി നിരവധി പരിപാടികൾ അവതരിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ പ്രസ്തുത കലാവിഷയങ്ങളെ ആസ്പദിച്ച് ചർച്ചകളും ശില്പശാലകളും വർഷങ്ങളായി നടത്തി വരുന്നുണ്ട്. കേരള സംഗീതനാടക അക്കാദമി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നാടൻ കലോത്സവങ്ങളും ശില്പശാലകളും സെമിനാറുകളും സംഘടിപ്പിക്കാറുണ്ട്. നെടുമുടി, കാവാലം തുടങ്ങിയ പ്രദേശങ്ങളിൽ പണ്ടുകാലത്ത് ഏറെ പ്രചാരത്തിലുണ്ടായിരുന്നതും, പിൽകാലത്ത് അപരിചിതമായിത്തീരുകയും ചെയ്ത വാമൊഴി പാരമ്പര്യത്തെ തിരിച്ചറിയുകയും, ആ പാരമ്പര്യത്തിൽ പെടുന്ന നാടൻപാട്ടുകളെ കണ്ടെത്തി, 'വാമൊഴിവഴക്കം' എന്ന നാടൻ കലോത്സവം അക്കാദമി സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ കാസർകോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത നാടോടിഗോത്ര കലാരൂപങ്ങൾ ഉൾപ്പെടുത്തി ഏഴു ദിവസം നീണ്ടു നിന്ന 'ആട്ടം നാടോടി ഗോത്രോത്സവം-2007' എന്ന പരിപാടിയും അക്കാദമി സംഘടിപ്പിച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | കേരളത്തിലെ പ്രാചീന കലാരൂപങ്ങളുടെ സംരക്ഷണത്തിനും പരിപോഷണത്തിനുമായി അക്കാദമി മ്യൂസിയത്തിൽ പ്രാചീന കലാരൂപങ്ങളുടെ ശില്പങ്ങളും പ്രാചീന സംഗീതോപകരണങ്ങളും മറ്റും സംരക്ഷിച്ചുവരുന്നുണ്ട്. കേരള ഫോക്‌ലോർ അക്കാദമി നാടൻ കലാരൂപങ്ങളുടെ സി.ഡി., ശില്പങ്ങൾ, ഫോട്ടോകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. |
| ബി) | മലബാർ മേഖലയിലെ തെയ്യം, തിറ തുടങ്ങിയ കലാരൂപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ജനകീയവൽക്കരിക്കുന്നതിനുമായി നടപടി സ്വീകരിക്കുമോ; | ബി) | നടപടി സ്വീകരിച്ചു വരുന്നുണ്ട്. മലബാർ മേഖലയിലെ തെയ്യം, തിറ തുടങ്ങിയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സംഗീതനാടക അക്കാദമി നാടൻ കലോത്സവങ്ങളും, ശില്പശാലകളും സംഘടിപ്പിക്കുകയും, പ്രസ്തുത വിഭാഗത്തിലെ കലാകാരന്മാർക്ക് അവാർഡ്, ഗുരുപൂജ പുരസ്കാരം എന്നിവ നൽകുകയും ചെയ്യുന്നു. കേരള ഫോക്‌ലോർ അക്കാദമി മുഖത്തെഴുത്ത്, വാദ്യം എന്നിവയെ കുറിച്ചുള്ള ശില്പശാലകൾ കണ്ണൂർ, കാസർഗോഡ് ജില്ലകളുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുകയും, പൊതുവേദികളിലും ടൂറിസം മേളകളിലും തെയ്യം അവതരിപ്പിക്കുന്നതിന് അവസരം ഒരുക്കുക യും ചെയ്യുന്നു. |
| സി) | നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്ന കലാകാരന്മാർക്ക് ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | സി) | നാടൻകലാരംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച കലാകാരന്മാർക്ക് കേരള സംഗീതനാടക അക്കാദമി അവാർഡുകളും ഗുരുപൂജ പുരസ്കാരവും, കേരള ഫോക്‌ലോർ അക്കാദമി വർഷം തോറും ഫെല്ലോഷിപ്പ്- അവാർഡുകളും നൽകിവരുന്നു. പ്രസ്തുത കലാവിഭാഗത്തിലെ അവശകലാകാരന്മാർക്ക് ചികിത്സാധനസഹായവും, അർഹരായ കലാകാരന്മാർക്ക് പെൻഷനും വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പന്റും കേരള ഫോക്‌ലോർ അക്കാദമി നൽകിവരുന്നു. |
| ഡി) | നാടൻ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിന് ടൂറിസം വകുപ്പുമായി സഹകരിച്ച് സ്ഥിരം വേദികൾ ഒരുക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ? | ഡി) | ടൂറിസം വകുപ്പുമായി ചേർന്ന് പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. |

[signature]

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 704 25.07.2007-ൽ മറുപടിയ്ക്ക്.

## സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ സമിതിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.എൻ.വാസവൻ<br>പ്രൊഫ:സി.രവീന്ദ്രനാഥ്.<br>ശ്രീമതി.കെ.എസ്.സലീഖ<br>ശ്രീ.സാജുപോൾ<br>ശ്രീ.മഞ്ഞളാംകുഴിഅലി | ശ്രീ.എം.എ.ബേബി.<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി. |

(എ) ഈ വർഷം സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി) നടത്തുവാൻ ലക്ഷമിട്ടിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(എ) 2007-08 അധ്യയനവർഷം കാര്യക്ഷമതാവർഷമായി പൊതുവിദ്യാഭ്യാസ വകുപ്പ് ഏറ്റെടുത്തിരിക്കുകയാണ്. അതിന്റെ ഭാഗമായി വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ എസ്.സി.ഇ.ആർ.ടി.ക്ക് നിർണ്ണായകമായ പങ്കുണ്ട്. ഇതിനായി പല തലങ്ങളിൽ ചർച്ചകൾ നടത്തുകയും പ്രവർത്തനകലണ്ടർ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ വർഷം എസ്.സി.ഇ.ആർ.ടി. ഏറ്റെടുത്തു നടത്തുന്ന മറ്റു പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

- വിദ്യാഭ്യാസ കലണ്ടർ അനുസരിച്ച് വിവിധ ഏജൻസികൾ നടത്തുന്ന അക്കാദമിക് പ്രവർത്തനങ്ങളുടെപ്രതിമാസ അവലോകനം.
- എല്ലാ പരിശീലനപരിപാടികൾക്കും ആവശ്യമായ മൊഡ്യൂളുകൾ വികസിപ്പിക്കുന്നതിന് നേതൃത്വം നൽകൽ.
- കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്) 2007 അനുസരിച്ച് പാഠ്യപദ്ധതി തയ്യാറാക്കൽ, പാഠപുസ്തകങ്ങൾ,അധ്യാപകസഹായികൾ എന്നിവ രൂപപ്പെടുത്തൽ.

- ടി.ടി.ഐ.,പി.പി.ടി.ടി.ഐ. എന്നി വിടങ്ങളിലെ അധ്യാപകപരിശീല കരെ പരിശീലിപ്പിക്കൽ.
- ജനസംഖ്യാ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺ മാരെ പരിശീലിപ്പിക്കുകയും കൗമാര വിദ്യാഭ്യാസത്തിനു വേണ്ട അധ്യാപകപരിശീലനം സംഘടിപ്പിക്കുകയും ചെയ്യൽ
- പ്രത്യേകശ്രദ്ധആവശ്യമുള്ള കുട്ടികൾക്ക്(സി.ഡബ്ല്യു.എസ്.എ ൻ) ആവശ്യമായ പഠനസാമഗ്രി കൾ വികസിപ്പിക്കൽ
- നാഷണൽ ടാലന്റ് സർച്ച് (എൻ.ടി.എസ്) പരീക്ഷ സംഘടി പ്പിക്കൽ.
- ഓപ്പൺ സ്കൂൾ വിദ്യാർത്ഥികൾ ക്കുവേണ്ടി പഠന സാമഗ്രികൾ തയ്യാറാക്കൽ.

(ബി) ദേശീയ പാഠ്യപദ്ധതിയുമായി ബന്ധപ്പെടുത്തി വിവിധ വിഭാഗം സ്കൂളുകളിലെ പാഠ്യപ ദ്ധതിയും പാഠപുസ്തകവും പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രീപ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള പാഠ്യപദ്ധതി നവീകരിക്കു ന്നതിനായി 14 ഫോക്കസ് ഗ്രൂപ്പുക ളുടെ ഗവേഷണ പ്രവർത്തനങ്ങളുടെ ഫലമായി കേരള പാഠ്യപദ്ധതി ചട്ട ക്കൂട് 07 രൂപപ്പെടുത്തിയിട്ടുണ്ട്. 1 മുതൽ 12 വരെ ക്ലാസുകൾക്കു വേണ്ടി ആരംഭിച്ച സിലബസ് രൂപീകര ണം ജൂലൈ മാസം അവസാനിക്കും. തുടർന്ന് 1, 3, 5, 7, 9, 11 ക്ലാസുക ളിലെ പാഠപുസ്തകങ്ങളും അധ്യാപക സഹായികളും ഡിസംബർ മാസ ത്തോടെ രൂപപ്പെടുത്തും. അധ്യാപക പരിശീലനത്തിലും മൂല്യനിർണയത്തി ലും ആവശ്യമായ മാറ്റങ്ങൾ വരുത്തു ന്നതാണ്.ഈപുസ്തകങ്ങൾ 2008-2009-ൽ സ്കൂളുകളിൽ ഉപയോഗ പ്പെടുത്തുന്നതാണ്. വിപുലമായ രക്ഷാകർത്തൃ ബോധവൽക്കരണപരി പാടിയും ലക്ഷ്യമിടുന്നുണ്ട്.

(സി) ഏതെല്ലാം വിഭാഗം അധ്യാപ കർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി)
- എല്ലാ വിഭാഗം സ്കൂൾ അധ്യാപക ർക്കും ഇക്കൊല്ലം 15 ദിവസത്തെ പരിശീലനം നൽകാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത്. മൂന്നു ദിവസത്തെ അവധിക്കാല പരിശീലനം മെയ് മാസത്തിൽ നൽകിക്കഴിഞ്ഞു. ജൂൺ 1, 2 തീയതികളിൽ അധ്യാപകസംഗമം എന്ന പേരിൽ സ്കൂൾ കോംപ്ളക്സിന്റെ ഭാഗമായ പരിശീലനം നടന്നു. എല്ലാ മാസവും ഒരു ശനിയാഴ്ച ക്ളസ്റ്റർതല പരിശീലനം ആസൂത്രണം ചെയ്തിട്ടുണ്ട്. ജൂൺ മാസത്തെ ക്ളസ്റ്റർതല പരിശീലനം പൂർത്തിയായി.

- പ്രീപ്രൈമറി അധ്യാപക പരിശീലനം നടത്തുന്ന അധ്യാപകർക്ക് പരിശീലനം നൽകുന്നതിനു വേണ്ട മൊഡ്യൂൾ നിർമാണവും റിസോഴ്സ് പേഴ്സൺ പരിശീലനവും സംഘടിപ്പിക്കുന്നതാണ്.
- ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ അധ്യാപകരെ പരിശീലിപ്പിക്കുന്നതിനുവേണ്ട മൊഡ്യൂളുകളുടെ നിർമാണവും റിസോഴ്സ് പേഴ്സൺ പരിശീലനവും സംഘടിപ്പിക്കുന്ന താണ്.
- കൗമാരവിദ്യാഭ്യാസം, ജനസംഖ്യാവിദ്യാഭ്യാസം എന്നിവയുമായി ബന്ധപ്പെട്ട റിസോഴ്സ് പേഴ്സൺമാരെ പരിശീലിപ്പിക്കുന്നതാണ്.

(ഡി) വിവിധ പരീക്ഷകളുടെ മൂല്യനിർണയത്തിന് ആവശ്യമായ പരിശീലനവും മാർഗരേഖകളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.705. 25-7-2007-ൽ മറുപടിക്ക്

# ഓർഡിനൻസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി: | ശ്രീ.എം.വിജയകുമാർ (നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഒന്നിൽ കൂടുതൽ പ്രാവശ്യം പുറപ്പെടുവിച്ച ഓർഡിനൻസുകൾ ഏതെല്ലാമാണ്; | 1. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഓർഡിനൻസ്<br>2. സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്<br>3. സർവ്വകലാശാല നിയമങ്ങൾ (അമെൻമെൻറ്) അമൻറിംഗ് ഓർഡിനൻസ്<br>4. മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്<br>5. കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ്<br>6. കേരള ക്ഷീരകർഷക ക്ഷേമനിധി ഓർഡിനൻസ്<br>7. കേരള മത്സ്യതൊഴിലാളികളുടെയും അനുബന്ധ തൊഴിലാളികളുടെയും ക്ഷേമ സെസ്സ് ഓർഡിനൻസ്<br>8. കേരള റോഡ് സുരക്ഷ അതോറിറ്റി ഓർഡിനൻസ്<br>9. അർത്ഥപലിശയും ജന്മിഭോഗവും കരത്തിൽചെലവും (നിർത്തലാക്കൽ) ഓർഡിനൻസ് |

10. ഇടവക അവകാശങ്ങൾ വിലയ്ക്കെടു
ക്കൽ (ഭേദഗതി) ഓർഡിനൻസ്

11. കേരള നികുതി വസൂലാക്കൽ
(ഭേദഗതി) ഓർഡിനൻസ്

12. പട്ടികജാതികൾക്കും പട്ടികവർഗ്ഗ
ങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന
കമ്മീഷൻ ഓർഡിനൻസ്

13. കേരള (പട്ടികജാതി - പട്ടികഗോത്ര
വർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ്
നല്കുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി)
ഓർഡിനൻസ്

14. കേരള സർവ്വേയും അതിരടയാളവും
(ഭേദഗതി) ഓർഡിനൻസ്

15. കേരള ഒഴിപ്പിക്കൽ നടപടികൾ
താത്ക്കാലികമായി നിർത്തിവെയ്ക്കൽ
ഓർഡിനൻസ്

16. കേരള പബ്ലിക് അക്കൗണ്ടൻസ്
(ഭേദഗതി) ഓർഡിനൻസ്

17. കേരള ആയുർവേദ ആരോഗ്യ
കേന്ദ്രങ്ങൾ (അംഗീകാരപത്രം നല്കലും
നിയന്ത്രിക്കലും ) ഓർഡിനൻസ്

18. കേരള വനിതാ കമ്മീഷൻ (ഭേദഗതി)
ഓർഡിനൻസ്

19. കേരള കൈത്തറി തൊഴിലാളി ക്ഷേമ
സെസ് ഓർഡിനൻസ്

20. കേരള പോലീസ് (ഭേദഗതി)
ഓർഡിനൻസ്

21. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്ത
നങ്ങൾ (തടയൽ) ഓർഡിനൻസ്

22. കേരള വനേതര പ്രദേശങ്ങളിൽ
വൃക്ഷം വളർത്തൽ പ്രോത്സാഹന
(ഭേദഗതി) ഓർഡിനൻസ്

(ബി) അവ ഓരോന്നും എത്രപ്രാവശ്യം വീതം റീ-പ്രൊമൾഗേറ്റ് ചെയ്തിട്ടുണ്ട്?

ഈ ഓർഡിനൻസുകൾ താഴെപ്പറയും പ്രകാരം റി-പ്രൊമൾഗേറ്റ് ചെയ്തിട്ടുണ്ട്:-

ഒരു പ്രാവശ്യം റി-പ്രൊമൾഗേറ്റ് ചെയ്തത്

1. കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഓർഡിനൻസ്
2. സർവ്വകലാശാല നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസ്
3. മഹാത്മാഗാന്ധി സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്
4. കേരള വനിതാ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസ്
5. കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്

രണ്ട് പ്രാവശ്യം റി-പ്രൊമൾഗേറ്റ് ചെയ്തത്

1. കേരള (പട്ടികജാതി - പട്ടിക ഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നല്കുന്നത് ക്രമപ്പെടുത്തൽ (ഭേദഗതി) ഓർഡിനൻസ്
2. കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഓർഡിനൻസ്

മൂന്ന് പ്രാവശ്യം റി-പ്രൊമൾഗേറ്റ് ചെയ്തത്

1. സർവ്വകലാശാല നിയമങ്ങൾ (അമെൻമെൻറ്) അമൻറിംഗ് ഓർഡിനൻസ്
2. കേരള സ്പോർട്സ് (ഭേദഗതി) ഓർഡിനൻസ്
3. കേരള കൈത്തറി തൊഴിലാളി ക്ഷേമ സെസ് ഓർഡിനൻസ്
4. കേരള വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന (ഭേദഗതി) ഓർഡിനൻസ്

5.കേരള ക്ഷീരകർഷക ക്ഷേമനിധി
ഓർഡിനൻസ്

6. കേരള മത്സ്യത്തൊഴിലാളികളുടെയും
അനുബന്ധ തൊഴിലാളികളുടെയും
ക്ഷേമ സെസ്സ് ഓർഡിനൻസ്

7. കേരള റോഡ് സുരക്ഷ അതോറിറ്റി
ഓർഡിനൻസ്

8. കേരള പബ്ലിക് അക്കൗണ്ടന്റ്സ്
(ഭേദഗതി) ഓർഡിനൻസ്

<u>നാല് പ്രാവശ്യം റി-പ്രൊമൾഗേറ്റ് ചെയ്യുന്നത്</u>

1. കേരള ആയുർവേദ ആരോഗ്യ
കേന്ദ്രങ്ങൾ (അംഗീകാരപത്രം നല്കലും
നിയന്ത്രിക്കലും ) ഓർഡിനൻസ്

2. അർത്ഥപലിശയും ജന്മിഭോഗവും
കരത്തിൽചെലവും (നിർത്തലാക്കൽ)
ഓർഡിനൻസ്

3.ഇടവക അവകാശങ്ങൾ വിലയ്ക്കെടു
ക്കൽ (ഭേദഗതി) ഓർഡിനൻസ്

4.പട്ടികജാതികൾക്കും പട്ടിക
വർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള
സംസ്ഥാന കമ്മിഷൻ ഓർഡിനൻസ്

5. കേരള സർവ്വേയും അതിരടയാളവും
(ഭേദഗതി) ഓർഡിനൻസ്

6. കേരള നികുതി വസൂലാക്കൽ
(ഭേദഗതി) ഓർഡിനൻസ്

7. കേരള ഒഴിപ്പിക്കൽ നടപടികൾ
താത്ക്കാലികമായി നിർത്തിവെയ്ക്കൽ
ഓർഡിനൻസ്

ഉത്തരവിൻ പ്രകാരം,

[signature]

സെക്ഷൻ ആഫീസർ.

22.7.07

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 706 — 25.7.2007 -ന് മറുപടിക്ക്

ദുരന്ത നിവാരണ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ.എ.പി.അനിൽകുമാർ<br>ശ്രീ. കെ.ബാബു<br>ശ്രീ.കെ.അച്ചുതൻ | ശ്രീ.കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനദുരന്ത നിവാരണ അതോറിറ്റിയുടെ പ്രഥമ യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങളാണ് പ്രധാനമായും കൈക്കൊണ്ടത് ; | (എ) സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രഥമ യോഗം ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 5/7/2007 ന് നടന്നു. പ്രസ്തുത യോഗത്തിൽ കേന്ദ്ര ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി വൈസ് ചെയർമാൻ ജനറൽ എൻ.സി. വിജ് പ്രത്യേക ക്ഷണിതാവായി പങ്കെടുത്തു എന്നത് പ്രത്യേകം എടുത്തു പറയേണ്ടതാണ്. താഴെപ്പറയുന്ന സുപ്രധാന തീരുമാനങ്ങൾ പ്രസ്തുത യോഗം കൈക്കൊണ്ട് സർക്കാരിലേയ്ക്ക് മേൽ നടപടികൾക്കായി നല്കി.<br>1. കലാമിറ്റി റിലീഫ് ഫണ്ടിൽ നിന്നും 10% തുക ഉപയോഗിച്ച് ഫയർ ഫോഴ്സ്, പോലീസ് , റവന്യൂ വകുപ്പുകൾക്ക് ദുരന്തങ്ങൾ നേരിടാനുള്ള ഉപകരണങ്ങൾ വാങ്ങുക . |

2. സ്കൂൾ പാഠ്യ പദ്ധതിയിൽ ദുരന്ത നിവാരണം ഒരു വിഷയമായി ഉൾപ്പെടുത്തുക.
3. സംസ്ഥാന ദുരന്ത നിവാരണ നയം രൂപീകരിക്കുന്നതിനായി വിദഗ്ദ്ധരുടെയും ജനങ്ങളുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് രേഖ തയ്യാറാക്കുക. ഇതിനുള്ള ഒരു കരട് ചർച്ച ചെയ്യു.
4. സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റിക്ക് ഓഫീസും ആവശ്യമായ സ്റ്റാഫും നൽകുക.
5. ജില്ലാതല ഡിസാസ്റ്റർ മാനേജ്മെൻറ് അതോറിറ്റികൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ഒരു ദുരന്തനിവാരണ നയം പ്രഖ്യാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ഒരു ദുരന്ത നിവാരണ നയം പ്രഖ്യാപിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. ദുരന്ത നിവാരണ നയം രൂപീകരിക്കുന്നതിന് കരട് തയ്യാറാക്കി വിശദമായ ചർച്ചകൾ നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്ത് ഉരുൾപൊട്ടലുണ്ടാകുന്ന സ്ഥലങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിന് വിവിധ ഏജൻസികളിലെ വിദഗ്ദ്ധൻമാരുടെ സേവനം ലഭ്യമാക്കണമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ ; | (സി) | സംസ്ഥാനത്ത് ഉരുൾപൊട്ടലുണ്ടാകുന്ന സ്ഥലങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിന് വിവിധ ഏജൻസികളിലെ വിദഗ്ദ്ധൻ മാരുടെ സേവനം ഇപ്പോൾത്തന്നെ ലഭ്യമാക്കുന്നുണ്ട്. |
| (ഡി) | എങ്കിൽ ഏതൊക്കെ ഏജൻസികളുടെ സഹായമാണ് തേടുന്നത് ; | (ഡി) | പ്രധാനമായും സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ (CESS) സേവനമാണ് തേടുന്നത്. |

കൂടാതെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യ എന്ന സ്ഥാപനവും സേവനവും ചെയ്യുന്നുണ്ട്. കൂടാതെ കേരള കാർഷിക സർവ്വകലാശാലയിലെ വിദഗ്ദ്ധരുടെ സേവനവും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഇ) | ഇതിന്റെ പ്രവർത്തനത്തിനായി കേന്ദ്രസഹായം തേടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ഇ) | കേന്ദ്ര സർക്കാരിനേയും ദേശീയ ദുരന്ത നിവാരണ അതോറിറ്റിയേയും സംസ്ഥാനത്തുണ്ടായ ഉരുൾപൊട്ടൽ അടക്കമുള്ള ദുരന്തങ്ങളെപ്പറ്റി ഉടൻതന്നെ അറിയിക്കുകയും വിശദമായ റിപ്പോർട്ടുകൾ നല്കുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | ദുരന്ത നിവാരണത്തിനായി ജില്ലാതല അതോറിറ്റികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ? | (എഫ്) | ദുരന്ത നിവാരണത്തിനായി ജില്ലാതല അതോറിറ്റികളും ലോക്കൽ അതോറിറ്റികളും രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ. 707 25-07-2007ൽ മറുപടിക്ക്

## സ്വാശ്രയപ്രൊഫഷണൽ കോളേജുകളിലെ പ്രവേശനം സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതത്വം

| ചോദ്യം<br>ശ്രീ. ജോർജ് മേഴ്സിയർ:<br>ശ്രീ. സി. പി. മുഹമ്മദ്:<br>ശ്രീ. വി. ഡി. സതീശൻ: | ഉത്തരം<br>ശ്രീ. എം.എ. ബേബി<br>(വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സീറ്റിന്റേയും ഫീസിന്റേയും കാര്യത്തിൽ തീരുമാനം ഉണ്ടാകാത്ത സാഹചര്യത്തിൽ സ്ഥാപനങ്ങളിലേയ്ക്കുള്ള ഓൺലൈൻ ഓപ്ഷൻ നിയമ പ്രശ്നങ്ങൾ സൃഷ്ടിക്കുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) സീറ്റിന്റേയും ഫീസിന്റേയും കാര്യത്തിൽ സർക്കാരുമായി കരാർ ഒപ്പിട്ട സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കാനായി വിദ്യാർത്ഥികളുടെ ഓൺലൈൻ ഓപ്ഷനുകൾ 10-07-2007 മുതൽ പ്രവേശന പരീക്ഷ കമ്മീഷണർ സ്വീകരിച്ച് തുടങ്ങിയിട്ടുണ്ട്. |
| ബി) മാനേജുമെന്റും സർക്കാരുമായി ഉണ്ടാക്കിയിട്ടുള്ള കരാർ കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) ഈ സാഹചര്യത്തിൽ ഇത്തരം സ്ഥാപനങ്ങളിലെ സർക്കാർ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച് നിലനിൽക്കുന്ന അനിശ്ചിതത്വം എങ്ങനെ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | സി) സർക്കാരും സ്വകാര്യ സ്വാശ്രയ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റുകളുമായി ഉണ്ടാക്കിയിട്ടുള്ള കരാറുകൾക്കും ബഹുമാനപ്പെട്ട ഹൈക്കോടതിയും സുപ്രീം കോടതിയും പുറപ്പെടുവിക്കുന്ന വിധികൾക്കും അനുസൃതമായിട്ടായിരിക്കും സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ സർക്കാർ സീറ്റിലേയ്ക്കുള്ള പ്രവേശനം നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 708 — 25-07-2007-ൽ മറുപടി പറയേണ്ടത്

## റവന്യൂ റിക്കവറി ഉത്തരവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. കെ.കെ. ദിവാകരൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. അൽഫോൺസ് കണ്ണന്താനം | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) റവന്യൂ റിക്കവറി സംബന്ധിച്ച ഉത്തരവുകൾ നടപ്പിലാക്കുന്നതിന് കളക്ടറേറ്റിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്; | (എ) ജില്ലാ കളക്ടറേറ്റുകളിൽ റവന്യൂ റിക്കവറി പ്രവർത്തനങ്ങൾക്കുവേണ്ടി ഒരു ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിൽ ഒരു പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. |
| (ബി) സംസ്ഥാനത്തൊട്ടാകെ എത്ര റവന്യൂ റിക്കവറികൾക്കുള്ള ഉത്തരവുകളും നിർദ്ദേശങ്ങളുമാണ് വിവിധ കളക്ടറേറ്റുകളിൽ നിലവിലുള്ളത്; | (ബി) സംസ്ഥാനത്തൊട്ടാകെ 278635 എണ്ണം നിലവിലുണ്ട്. |
| (സി) റവന്യൂ റിക്കവറി നടത്തിയെടുക്കുന്നതിന് അനുഭവപ്പെടുന്ന പ്രതിബന്ധങ്ങൾ എന്തെല്ലാമാണ്; | (സി) റവന്യൂ റിക്കവറി കേസ്സുകളിൽ കോടതികൾ, അപ്പലേറ്റ് അതോറിറ്റികൾ എന്നിവ നല്കുന്ന സ്റ്റേ ഉത്തരവുകളും, അപ്പലേറ്റ് അതോറിറ്റികൾ തീരുമാനങ്ങൾ എടുക്കുന്നതിലെ കാലതാമസവും, ഇതിനുപുറമെ ജപ്തി വസ്തുക്കളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ വിലനിർണ്ണയം പി.ഡബ്ല്യു.ഡി. അധികൃതർ നടത്തുന്നതിനുള്ള കാലതാമസം, റവന്യൂ റിക്കവറി പ്രവർത്തനങ്ങൾക്ക് മതിയായ വാഹനങ്ങളുടെ അഭാവം, റവന്യൂ |

| | | | |
|---|---|---|---|
| | | | റിക്കവറിക്കുള്ള അർത്ഥനകൾ നല്കിയശേഷം റിക്കവറി നടപടികളിൽ ടി അർത്ഥനാധികാരികളുടെ ഇടപെടലുകൾ മുതലായ കാരണങ്ങൾ റവന്യൂ റിക്കവറി നടത്തിയെടുക്കുന്നതിന് പ്രതിബന്ധം ഉണ്ടാക്കുന്നുണ്ട് |
| (ഡി) | റവന്യൂ റിക്കവറി നടപടികളിലെ ബുദ്ധിമുട്ട് ഒഴിവാക്കുവാൻ എന്തെങ്കിലും നിയമഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | കേരള റവന്യൂ റിക്കവറി ആക്ടിലെ 69, 71, 72 81, 83 എന്നീ വകുപ്പുകൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:709 — 25/7/2007 ൽ മറുപടിയ്ക്ക്

## ഹൈസ്കൂളുകളിലെ ഐ.ടി.പഠനം

| ചോദ്യം<br>ശ്രീ.എൻ.ശക്തൻ:<br>ശ്രീ.അടൂർ പ്രകാശ്:<br>ശ്രീ.എ.പി.അനിൽകുമാർ:<br>ശ്രീ.ജോർജ് മേഴ്സിയർ: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഐ.ടി.പഠനം സംബന്ധിച്ച പുസ്തകവും സി.ഡി യും ലഭ്യമാകാത്തതിനാൽ ഐ.ടി.പഠനം പ്രതിസന്ധിയിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഐ.ടി.പഠനത്തിനായി ഉപയോഗിക്കുന്ന സി.ഡി, മുഴുവൻ സ്കൂളുകളിലും കഴിഞ്ഞ വർഷം തന്നെ വിതരണം ചെയ്തിട്ടുണ്ട്. ഈ സി.ഡി എല്ലാ ഹൈസ്കൂളുകളിലും ഇപ്പോൾ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. ഹൈസ്കൂളുകളിൽ ഐ.ടി.പഠനത്തിനാവശ്യമായ എല്ലാ പുസ്തകങ്ങളും അച്ചടി പൂർത്തിയാക്കി വിതരണം നടത്തിക്കൊണ്ടിരിക്കുന്നു. |
| (ബി) പത്താം സ്റ്റാൻഡേർഡിലെ ഐ.ടി.പരീക്ഷയ്ക്ക് സ്വതന്ത്ര സോഫ്റ്റ് വെയർ ആയ ലിനക്സ് നിർബന്ധമാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) ഇതിനാവശ്യമായ സി.ഡിയും പുസ്തകങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി കൈക്കൊള്ളുമോ; | (സി) ലിനക്സ് പഠനത്തിനാവശ്യമായ സി.ഡിയും പുസ്തകവും ലഭ്യമാക്കുന്നതിന് അടിയന്തിര നടപടി എടുത്തിട്ടുണ്ട്. |
| (ഡി) ഇതിനായി തയ്യാറാക്കിയ സോഫ്റ്റ് വെയർ നിലവിലുള്ള കമ്പ്യൂട്ടറുകളിൽ സ്ഥാപിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സ്കൂളുകൾക്ക് പുതിയ കമ്പ്യൂട്ടറുകൾ വാങ്ങുവാനോ നിലവിലുള്ള കമ്പ്യൂട്ടറുകൾക്ക് അനുയോജ്യമായ സി.ഡി.ലഭ്യമാക്കുവാനോ അനുവാദം നൽകുമോ; | (ഡി) ഐ.ടി. @ സ്കൂൾ ഇപ്പോൾ നിർമ്മിച്ചു നൽകിയിട്ടുള്ള ഐ.ടി.സ്കൂൾ ഗ്നു/ലിനക്സ് സി.ഡി കുറഞ്ഞ മെമ്മറിയുള്ള പഴയ കമ്പ്യൂട്ടറുകളിലും പ്രവർത്തിക്കുന്നതാണ്. സ്കൂളുകളിലെ പഴയ കമ്പ്യൂട്ടറുകളിൽ ഇത് ഇൻസ്റ്റാൾ ചെയ്തിട്ടുണ്ട്. എന്നാൽ പുതുതായി വിപണിയിൽ ലഭ്യമായിട്ടുള്ള KSeries Motherboard-ൽ പെട്ട ചില കമ്പ്യൂട്ടറുകളിൽ ഇത് ഇൻസ്റ്റാൾ ചെയ്യുന്നതിന് തടസ്സം നേരിട്ടിട്ടുണ്ട്. ഇതു |

⇨

| | |
|---|---|
| | പരിഹരിക്കുന്നതിനായി ഐ.ടി. @ സ്കൂൾ പ്രോജക്റ്റ് ഐ.ടി.മിഷന്റെ സഹായത്തോടു കൂടി പുതിയ ലിനക്സ് സി.ഡി വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതു മുഴുവൻ സ്കൂളുകളിലും എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ഇ) എല്ലാ അദ്ധ്യാപകർക്കും ലിനക്സ് സോഫ്റ്റ്‌വെയറിൽ ആവശ്യമായ പരിശീലനം നൽകുവാൻ സത്വര നടപടി സ്വീകരിക്കുമോ? | (ഇ) കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഏകദേശം 20,000-ത്തോളം ഹൈസ്കൂൾ അദ്ധ്യാപകർക്ക് ലിനക്സ് പരിശീലനം നൽകി കഴിഞ്ഞു. കൂടാതെ 2007 മേയ് മാസം 10-ാം ക്ലാസിൽ പഠിപ്പിക്കുന്ന പതിനായിരത്തോളം അദ്ധ്യാപകർക്കുകൂടി പ്രസ്തുത പരിശീലനം നൽകിയിട്ടുണ്ട്. പരിശീലനം ലഭിക്കാനുള്ള ചുരുക്കം ചില അദ്ധ്യാപകർക്കു കൂടി പ്രസ്തുത പരിശീലനം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 710

25.7.2007-ൽ മറുപടിയ്ക്ക്

### അളവുകളും തൂക്കങ്ങളും വകുപ്പിൻെറ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ :<br>ശ്രീ.ജോസഫ് എം.പുതുശ്ശേരി :<br>ശ്രീ.തോമസ് ചാഴികാടൻ : | ശ്രീ.കെ..പി.രാജേന്ദ്രൻ<br>റവന്യൂ വകുപ്പുമന്ത്രി |
| എ) അളവുകളും തൂക്കങ്ങളും വകുപ്പിൻെറ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണ്; | എ) ഉപഭോക്തൃ താൽപര്യ സംരക്ഷണാർത്ഥം അളവുതൂക്ക നിയമങ്ങൾ കർശനമായി നടപ്പിലാക്കുക എന്നുള്ളതാണ് വകുപ്പിൻെറ പ്രധാന പ്രവർത്തന ലക്ഷ്യം. സംസ്ഥാനത്തെ എല്ലാ അളവുതൂക്ക ഉപകരണങ്ങളും വർഷത്തിലൊരിക്കൽ പരിശോധിച്ച് കൃത്യത വരുത്തുന്നുണ്ട്. എന്നാൽ കോൽത്രാസുകൾ, തൂക്കക്കട്ടികൾ ദൈർഘ്യ അളവുകൾ, കൗണ്ടർ മെഷീൻ, അളവുപാത്രങ്ങൾ ഇവ രണ്ടു വർഷത്തിലൊരിക്കലാണ് കൃത്യത പരിശോധിച്ച് മുദ്രവയ്ക്കുന്നത്. മുദ്ര പതിപ്പിക്കാത്ത ഉപകരണങ്ങൾ ഇൻസ്പെക്ടർമാർ മിന്നൽ പരിശോധന നടത്തി കണ്ടുപിടിച്ച് നടപടി സ്വീകരിക്കാറുണ്ട്. അളവിലും തൂക്കത്തിലും കുറച്ച് കൊടുക്കുക, അളവുതൂക്കങ്ങളിൽ കൃത്രിമം കാട്ടുക, 1977-ലെ പാക്കേജ്ഡ് കമ്മോഡിറ്റീസ് ചട്ടങ്ങളുടെ ലംഘനം തുടങ്ങിയവ കണ്ടുപിടിക്കുക എന്നിവയാണ് ഈ വകുപ്പിൻെറ പ്രവർത്തന ലക്ഷ്യം. |
| ബി) പ്രസ്തുത വകുപ്പിൻെറ ചട്ടങ്ങളും നിയമങ്ങളും എന്നുമുതൽക്കാണ് നിലവിൽ വന്നത് ; അവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ; | ബി) 24/7/92-ലെ ജി.ഒ.(എം.എസ്) 338/92/ആർ.ഡി ഉത്തരവ് പ്രകാരം, സ്റ്റാൻഡേർഡ്സ് ഓഫ് വെയ്റ്റ്സ് ആൻറ് മെഷേഴ്സ് (എൻഫോഴ്സ്മെൻറ്) ആക്ടും, അതിൻെറ ചട്ടങ്ങളായ കേരള സ്റ്റാൻഡേർഡ്സ് ഓഫ് വെയ്റ്റ്സ് ആൻറ് മെഷേഴ്സ് (എൻഫോഴ്സ്മെൻറ്) റൂൾസും, 24/7/92 മുതൽ സംസ്ഥാനത്ത് നിലവിൽ വന്നു. 1976-ലെ സ്റ്റാൻഡേർഡ്സ് ഓഫ് വെയ്റ്റ്സ് ആൻറ് മെഷേഴ്സ് ആക്ടും അതിൻെറ ചട്ടങ്ങളും ഇതുമായി ബന്ധപ്പെട്ടതാണ്. 1976-ലെ ആക്ടും , 1985-ലെ ആക്ടും പുസ്തകരൂപത്തിൽ അച്ചടിച്ചവയാണ്. ഇത് പ്രമുഖ നിയമ പുസ്തകശാലകളിൽ ലഭ്യമാണ്. |

അനുബന്ധം നിയമസഭാ ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള ഉത്തരത്തോടൊപ്പം ലഭ്യമാണ്.

സി) ഏതുതരം കുറ്റകൃത്യങ്ങളാണ് [illegible] ങ്ങളായി ഈ വകുപ്പ് [illegible] ചെയ്യുന്നത്?

സി) നിയമാനുസൃതമല്ലാത്തതും, യഥാസമയം മുദ്ര പതിപ്പിക്കാത്തതുമായ ഉപകരണങ്ങൾ ഉപയോഗിക്കുക, അളവിലും തൂക്കത്തിലും കൃത്രിമം നടത്തുക, അളവിലും തൂക്കത്തിലും കുറച്ച് വിൽപന നടത്തുക, പാക്കേജ്ഡ് കമ്മോഡിറ്റീസ് റൂൾസ് 1977 പ്രകാരമുള്ള പ്രഖ്യാപനങ്ങൾ ഇല്ലാത്ത പായ്ക്കറ്റുകൾ വിൽക്കുന്ന കച്ചവടക്കാർ, ഡിസ്ട്രിബ്യൂട്ടേഴ്സ്, മാനുഫാക്ചറർ എന്നിവർക്കെതിരെ നടപടി സ്വീകരിക്കുക തുടങ്ങിയവയാണ് ഈ വകുപ്പ് പ്രധാനമായും കൈകാര്യം ചെയ്യുന്നത്.

ഡി) കുറ്റകൃത്യങ്ങൾ, തിരിമറികൾ എന്നിവ ഫലപ്രദമായി തടയുന്നതിന് എന്ത് തരത്തിലുള്ള ഉദ്യോഗസ്ഥ സംവിധാനമാണ് ഈ വകുപ്പിനുള്ളത്?

ഡി) അളവുതൂക്ക ഉപകരണങ്ങളുടെ മുദ്രപതിപ്പിക്കലിനായും, അളവുതൂക്ക നിയമങ്ങളുടെ കുറ്റകൃത്യങ്ങൾ, തിരിമറികൾ എന്നിവ ഫലപ്രദമായി തടയുന്നതിനും, താലൂക്ക് തലത്തിൽ ഇൻസ്പെക്ടർ/സീനിയർ ഇൻസ്പെക്ടർ എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടുതൽ വ്യാപാര സ്ഥാപനങ്ങളുള്ള താലൂക്കുകളിൽ അധികം ഇൻസ്പെക്ടർമാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ, മിന്നൽപരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്നതിന് 11 ജില്ലകളിൽ ഫ്ലൈയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരെ നിയമിച്ചിട്ടുണ്ട്.

ഇ) നിലവിലുള്ള സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഇ) ഉണ്ട്. വകുപ്പ് ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പുതിയ മൂന്ന് ഫ്ലൈയിംഗ് സ്ക്വാഡ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 711 25.07.2007 -ൽ മറുപടി നൽകേണ്ടത്.

## ഭൂപരിഷ്കരണ നിയമം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം. ഹംസ<br>ശ്രീ. സി.എം. ദിനേശ് മണി<br>ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ.പി. കൃഷ്ണപ്രസാദ് | | ശ്രീ. കെ.പി.രാജേന്ദ്രൻ<br>(റവന്യൂ വകുപ്പ് മന്ത്രി) |
| (എ) കേരള ഭൂപരിഷ്കരണ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഇപ്പോൾ എത്ര കേസ്സുകൾ ലാൻറ് ബോർഡിലും ട്രിബ്യൂണലുകളിലുമായി നടന്നുവരുന്നുണ്ട്; | (എ) | മിച്ചഭൂമി തീരുമാനിക്കുന്നതിനായി 1812 കേസുകൾ സംസ്ഥാനത്തെ വിവിധ താലൂക്ക് ലാൻറ് ബോർഡുകളിലായി നിലവിലുണ്ട്. കൂടാതെ സംസ്ഥാനത്തെ 17 ലാൻറ് ട്രൈബ്യൂണലുകളിലായി 29641 കുടികിടപ്പു ടെനൻസി കേസുകളും നിലവിലുണ്ട് |
| (ബി) കേസുകൾ ശരിയായി നടത്തുന്നതിനും കേസുകളിൽ കാലവിളംബം ഇല്ലാതെ നടപടി ഉണ്ടാകുന്നതിനുമായി ചെയ്തിട്ടുള്ള കാര്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | മിച്ചഭൂമി കേസുകളിൽ കാലവിളംബം ഉണ്ടാകാതിരിക്കാൻ ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ലാൻറ് ട്രിബ്യൂണൽ കേസുകൾ തീർപ്പാക്കുന്നതിന് എല്ലാ ലാൻറ് ട്രിബ്യൂണലുകൾക്കും ടാർജറ്റ് നിശ്ചയിച്ച് നൽകിയിട്ടുള്ളതും ലക്ഷ്യം കൈവരിക്കാൻ കർശന നിർദ്ദേശം കൊടുത്തിട്ടുള്ളതുമാണ്. |
| (സി) ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകുന്നതുവരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഏറ്റെടുത്ത മിച്ചഭൂമി ഭൂരഹിതർക്ക് പതിച്ചു നൽകുന്നതുവരെ സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:712 25.07.2007-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിലെ പാഠ്യേതരപ്രവർത്തനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.സി.മൊയ്തീൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ജോർജ് എം.തോമസ്<br>ശ്രീ.എം.കെ.പുരുഷോത്തമൻ<br>ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും<br>വകുപ്പുമന്ത്രി |
| എ) വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നതായി സർക്കാർ കരുതുന്നുണ്ടോ;<br><br>ബി) ഇല്ലെങ്കിൽ ഇതിനായി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ; | എ) & ബി) ഉണ്ട്. മുമ്പ് പാഠ്യേതര പ്രവർത്തനങ്ങളായി ഉൾപ്പെടുത്തിയിരുന്ന ആരോഗ്യ - കായിക പരിശീലനം, പ്രവൃത്തി പരിചയം, കലാപരിശീലനം തുടങ്ങിയവ ഇപ്പോൾ പാഠ്യവിഷയങ്ങളായാണ് പാഠ്യപദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. അവയ്ക്ക് പാഠ്യപദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. കേരള പാഠ്യപദ്ധതി ചട്ടക്കൂട് -2007 കരട് രേഖയിൽ ഈ വിഷയങ്ങളുടെ പഠനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>ഹയർ സെക്കണ്ടറി തലത്തിൽ പാഠ്യേതര പ്രവർത്തനങ്ങൾക്ക് അർഹിക്കുന്ന പ്രാധാന്യം നൽകുന്നതിലേക്കായി എൻ.എസ്.എസ്., കരിയർ ഗൈഡൻസ്-കൗൺസിലിങ് സെന്ററുകളും, കലാപരമായി മികവുള്ളവരും, ധനപരമായി പിന്നോക്കം നില്ക്കുന്നവരുമായ കുട്ടികൾക്ക്, അവരുടെ കഴിവുകൾ വർധിപ്പിക്കുന്നതിലേക്കായി കലാക്ഷേത്ര എന്ന സംവിധാനവും ഇപ്പോൾ നിലവിലുണ്ട്. കലാക്ഷേത്രയുടെ 14 യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. |

⟹

വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ പാഠ്യേതരപ്രവർത്തനങ്ങളായ യുവജനോത്സവം, കായികമേള തുടങ്ങിയവ സ്കൂൾ തലത്തിലും റീജിയണൽ തലത്തിലും സംസ്ഥാനതലത്തിലും സംഘടിപ്പിക്കുന്നുണ്ട്. 'വൊക്കേഷണൽ എക്സ്പോ' റീജിയണൽ തലത്തിലും സംസ്ഥാനതലത്തിലും നടത്തുന്നുണ്ട്.

| | |
|---|---|
| സി) ഏതെല്ലാം പാഠ്യേതര പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനാണ് സ്കൂളുകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്; | സി) കലാ-കായിക-പ്രവൃത്തി പരിചയ വിഷയങ്ങളുമായി ബന്ധപ്പെട്ട് നിരവധി പഠനപ്രവർത്തനങ്ങളും, മേളകളും സംഘടിപ്പിച്ചു വരുന്നു. മറ്റു വിഷയങ്ങളുമായി ഉദ്ഗ്രഥിച്ചും ഇവ പഠിപ്പിക്കുന്നുണ്ട്. ഇതിനു പുറമെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾക്ക് സ്കൂൾ കലണ്ടറിൽ പ്രാമുഖ്യം നൽകിയിട്ടുണ്ട്. ദിനാചരണങ്ങൾക്ക് വിവിധ വിഷയങ്ങളുടെ പാഠ്യപദ്ധതിയിൽ വേണ്ടത്ര പ്രാധാന്യം നൽകിട്ടുണ്ട് |
| ഡി) ഇക്കാര്യത്തിൽ പി.ടി.എ.യുടെയും ഇതര വകുപ്പുകളുടെയും സഹകരണം തേടുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) സ്കൂൾതല പരിപാടികളിൽ രക്ഷിതാക്കളുടെ സാന്നിദ്ധ്യവും സഹകരണവും ഉറപ്പുവരുത്തണമെന്ന് പാഠ്യപദ്ധതി നിഷ്കർഷിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്കൂൾ കോംപ്ലക്സുകൾ എന്നിവ വഴിയും സ്കൂളുകൾക്ക് നേരിട്ടും സഹായങ്ങൾ ലഭ്യമാകുന്നുണ്ട്. സ്പോർട്സ്കൗൺസിൽ , വനംവകുപ്പ്, ആരോഗ്യ വകുപ്പ്, കൃഷിവകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെ വിദ്യാർത്ഥികളുടെ വിവിധ കഴിവുകളും മനോഭാവവും വളർത്തുന്നതിനാവശ്യമായ പരിപാടികളും സംഘടിപ്പിച്ച് നടപ്പിലാക്കിവരുന്നു. |

D.L.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭ ചോദ്യം നമ്പർ 713

25.07.2007-ൽ
മറുപടിയ്ക്കു്

## സ്വർണ്ണം, വെള്ളി ഉരുപ്പടികളുടെ കണക്കെടുപ്പു്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ശശികുമാർ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സി.കെ.സദാശിവൻ<br>ശ്രീ.കെ.സി.രാജഗോപാലൻ<br>ശ്രീ.ബി.രാഘവൻ | ശ്രീ.ജി.സുധാകരൻ<br>ബഹുമാനപ്പെട്ട സഹകരണവും, കയറും, ദേവസ്വവും വകുപ്പു് മന്ത്രി. |
| (എ) ദേവസ്വങ്ങളുടെ കൈവശമുള്ള സ്വർണ്ണം, വെള്ളി ഉരുപ്പടികളുടെ കണക്കെടുക്കുന്നതിനു് തീരുമാനിച്ചിട്ടുണ്ടോ; | (എ) ഉണ്ടു്. |
| (ബി) എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണു്; | (ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ തിരുവാഭരണം കമ്മീഷണർ മുഖാന്തിരം ദേവസ്വങ്ങളിലുള്ള വെരിഫിക്കേഷൻ നടത്തിവരുന്നു. ഏകദേശം 100 ക്ഷേത്രങ്ങളുടെ കണക്കെടുപ്പുകൾ പൂർത്തീകരിച്ചിട്ടുണ്ടു്.<br>കൊച്ചി ദേവസ്വം ബോർഡിന്റെ യോഗ തീരുമാനപ്രകാരം ബന്ധപ്പെട്ട ഗ്രൂപ്പുകളുടെ അസിസ്റ്റന്റ് കമ്മീഷണർമാർ, റവന്യൂ ഇൻസ്പെക്ടർമാർ എന്നിവരെ ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടു്. അവർ അവരുടെ കീഴിലുള്ള ക്ഷേത്രങ്ങൾ ഈ മാസം തന്നെ സന്ദർശിച്ചു് ഇപ്പോൾ സ്റ്റോക്കുള്ള സ്വർണ്ണം, വെള്ളി ഉരുപ്പടികളുടെ കണക്കെടുത്തു് റിപ്പോർട്ട് ബോർഡിനു് സമർപ്പിക്കുന്നതാണെന്നു് അറിയിച്ചിട്ടുണ്ടു്.<br>ഗുരുവായൂർ ദേവസ്വത്തിൽ 2006-ൽ ഉരുപ്പടികളുടെ വാർഷിക പരിശോധന പൂർത്തിയാക്കി എല്ലാം കൈവശമുണ്ടു് എന്നു് ഉറപ്പുവരുത്തിയിരുന്നു. ഗുരുവായൂർ ദേവസ്വത്തിലെ സ്വർണ്ണം, വെള്ളി ഉരുപ്പടികളുടെ 2007-ലെ |

കണക്കെടുപ്പ് ഭരണസമിതി അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ നടത്തുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നുണ്ട്

കൂടൽമാണിക്യം ദേവസ്വത്തിൽ കണക്കെടുപ്പ് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഹിന്ദുമത ധർമ്മസ്ഥാപന (ഭരണ) വകുപ്പിനു കീഴിലെ മലബാർ ദേവസ്വങ്ങളുടെ കൈവശമുള്ള സ്വർണ്ണം, വെള്ളി ഉരുപ്പടികളുടെ മൂല്യനിർണ്ണയം നടത്തുന്നതിന് സീനിയർ സൂപ്രണ്ട് ഫോർ വെരിഫിക്കേഷൻ ഓഫ് ജുവൽസ് & വാല്യബിൾസ് എന്ന 3 ഗസറ്റഡ് ഉദ്യോഗസ്ഥന്മാരും അവരെ സഹായിക്കുന്നതിന് 2 ഗോൾഡ്സ്മിത്തുമാരുമുണ്ട്. ക്ഷേത്രങ്ങളിലെ സ്വർണ്ണം, വെള്ളി മറ്റ് വിലപിടിപ്പുള്ള സാധനങ്ങൾ എന്നിവ ഇവർ പരിശോധിച്ച് വിവരം ക്ഷേത്രങ്ങളിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തുകയും, സാധനങ്ങളുടെ വിവരണം, തൂക്കം തുടങ്ങിയവയുടെ റിപ്പോർട്ട് എച്ച്.ആർ. & സി.ഇ. കമ്മിഷണർക്ക് സമർപ്പിക്കുകയും ചെയ്തു വരുന്നു.

(സി) കണക്കെടുക്കുമ്പോൾ സർക്കാർ പ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പു വരുത്തുമോ?

(സി) കണക്കെടുക്കുമ്പോൾ സർക്കാർ പ്രതിനിധികളുടെ സാന്നിദ്ധ്യം ഏർപ്പെടുത്തുവാൻ തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾ ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ഗുരുവായൂരിലും ഗുരുവായൂർ ദേവസ്വം ചട്ടങ്ങൾ 1980 അദ്ധ്യായം 6-ൽ 12 (6) പ്രകാരം ഭരണ സമിതിയാണ് വെരിഫിക്കേഷൻ നടത്തുന്നത്. നിയമപ്രകാരം സർക്കാർ പ്രതിനിധികളുടെ സാന്നിദ്ധ്യം അനിവാര്യമല്ല. എച്ച്.ആർ. & സി.ഇ. വകുപ്പിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ വകുപ്പിനു കീഴിലുള്ള 3 ഗസറ്റഡ് ഉദ്യോഗസ്ഥരും 2 ഗോൾഡ്സ്മിത്തുമാരും ഉരുപ്പടികളുടെ മൂല്യനിർണ്ണയം നടത്തിവരുന്നു. കൂടൽമാണിക്യം ദേവസ്വത്തിൽ കണക്കെടുക്കുമ്പോൾ സർക്കാർ പ്രതിനിധികളുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തുന്നതാണെന്ന് അഡ്മിനിസ്ട്രേറ്റർ അറിയിച്ചിട്ടുണ്ട്.

കണക്കുകൾ സർക്കാരിനു കൂടി നൽകിയ ശേഷം ആവശ്യമെങ്കിൽ സർക്കാർ കൂടുതൽ അന്വേഷണം നടത്തുന്നതാണ്. സംശയമുള്ള കേസുകളിൽ പോലീസ് അന്വേഷണവും നടത്തുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം:714 25/7/2007 ൽ മറുപടിയ്ക്ക്

## ഐ.ടി.പഠനം

| ചോദ്യം<br>ശ്രീ.കെ.അച്ചുതൻ:<br>ശ്രീ.കെ.സുധാകരൻ:<br>ശ്രീ.കെ.ശിവദാസൻ നായർ: | ഉത്തരം<br>ശ്രീ.എം.എ.ബേബി<br>(വിദ്യാഭ്യാസവും, സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ)ഐ.ടി.പഠനം യു.പി.തലത്തിൽ വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) ഈ അദ്ധ്യയന വർഷം തന്നെ ഐ.ടി.പഠനം യു.പി.തലത്തിൽ വ്യാപകമാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) ഈ അദ്ധ്യയന വർഷം മുതൽ ഐ.ടി.പഠനം യു.പി തലത്തിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. |
| (സി) സ്കൂളുകളിലെ ഐ.ടി.വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള 'ഐ.ടി. @ സ്കൂളിന്' ആവശ്യമായ ജീവനക്കാർ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) പ്രസ്തുത സ്ഥാപനത്തിലെ എക്സിക്യൂട്ടീവ് ഡയറക്ടറുടെ തസ്തിക എന്നു മുതൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്; ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിനും മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (ഡി) 21/8/06 മുതൽ ടി തസ്തിക ഒഴിഞ്ഞുകിടന്നിരുന്നു. എന്നാൽ 21/7/2007 ലെ സ.ഉ (സാധാ)3359/07/പൊവിവ ഉത്തരവിൻപ്രകാരം ഐ.റ്റി @ സ്കൂൾ പ്രോജക്ടിൽ എക്സിക്യൂട്ടീവ് ഡയറക്ടറെ നിയമിച്ചിട്ടുണ്ട്. സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ സൗകര്യങ്ങൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 715

## 25.07.2007 - ൽ മറുപടിയ്ക്ക്

## സഹകരണ സ്ഥാപനങ്ങളുടെ നിഷ്ക്രിയ ആസ്തി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.പി. മോഹനൻ:<br>ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. എം.കെ. പ്രേംനാഥ്: | ശ്രീ.ജി.സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടേയും വായ്പാ സഹകരണ സംഘങ്ങളുടേയും നിഷ്ക്രിയ ആസ്തി എത്രയാണ്; | (എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളുടേയും വായ്പാ സഹകരണ സംഘങ്ങളുടേയും നിലവിലുള്ള നിഷ്ക്രിയ ആസ്തി 2640.56 കോടി രൂപയാണ്. ആകെ 1724 എണ്ണമാണ് ഈ ഗണത്തിൽ വരുന്നത് |
| (ബി) നിഷ്ക്രിയ ആസ്തിയിലെ വർദ്ധനവ് കാരണം നബാർഡിന്റെ വായ്പയിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (ബി) ഹ്രസ്വകാല കാർഷിക വായ്പകൾക്ക് നബാർഡ് പുനർവായ്പ അനുവദിക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി നിലവാരം മാനദണ്ഡമായി കണക്കാക്കുന്നു. ആയത് പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നിഷ്ക്രിയ ആസ്തി ഈ സർക്കാർ വരുമ്പോൾ 28%-ൽ അധികരിച്ചതു കാരണം ആകെ അനുവദിക്കേണ്ട പുനർ വായ്പ 40%-ൽ നിന്നും 35%-ആയി കുറഞ്ഞിട്ടുണ്ട്. ഇപ്രകാരം നബാർഡിൽ നിന്നും ലഭിക്കുന്ന പുനർ വായ്പയിൽ സംസ്ഥാനത്ത് ആകെ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പയിൽ 5% കുറവ് വന്നിട്ടുണ്ട്. |

— — — —

| | |
|---|---|
| (സി) സഹകരണ ബാങ്കുകളുടേയും (സി) പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളുടേയും നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നത് സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ? | സഹകരണ നിവാരണം പരിപാടിയുടെ കീഴിൽ നിഷ്ക്രിയ ആസ്തി കുറച്ചുകൊണ്ടു വരുന്നതിന് എല്ലാ വർഷവും ഫെബ്രുവരി മാസം കുടിശ്ശിക നിവാരണം കേരളീയം പരിപാടിയിൽ കുടിശ്ശിക നിവാരണ മാസമായി ആചരിക്കും. ഇതിലൂടെ ഇപ്പോൾ 20% കുടിശ്ശികയുള്ള സംഘങ്ങളുടെ കുടിശ്ശിക ഇല്ലാതാക്കാനും, 20%-ന് മുകളിൽ കുടിശ്ശികയുള്ള സംഘങ്ങളുടെ കുടിശ്ശിക 20%-ന് താഴെയാക്കാനും " സഹകരണ നവരത്നം കേരളീയം " എന്ന പേരിൽ പ്രഖ്യാപിച്ച ഒൻപതിന പരിപാടിയിൽ "കുടിശ്ശിക നിവാരണ ശതശതമാനം കേരളീയം" എന്ന പദ്ധതിയിൽപ്പെടുത്തി കുടിശ്ശിക കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിനു പുറമെ, ഓരോ സംഘത്തിന്റേയും ദൈനംദിന പ്രവർത്തനത്തിലും കുടിശ്ശിക നിവാരണ പ്രവർത്തനം ഉൾപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.716 | 25.7.2007-ൽ മറുപടിക്ക് |

### കരാറിൽ ഏർപ്പെടാത്ത സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. എൻ. പ്രതാപൻ :<br>" കെ. ബാബു :<br>" വർക്കല കഹാർ | | ശ്രീ. എം.എ. ബേബി<br>വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്തെ എത്ര സ്വാശ്രയ മെഡിക്കൽ കോളേജുകൾ സീറ്റും ഫീസും സംബന്ധിച്ച് സർക്കാരുമായി കരാറിൽ ഏർപ്പെടാതെയുണ്ട് ; | (എ) | നാല് സ്വാശ്രയ മെഡിക്കൽ കോളേജുകൾ |
| (ബി) | ഈ സ്ഥാപനങ്ങൾ അവരുടെ മുഴുവൻ സീറ്റിലും പ്രവേശനം നടത്തുവാൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സുപ്രീംകോടതിയെ സമീപിച്ചിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് കോടതിയെ അറിയിച്ചിട്ടുണ്ടോ ; എങ്കിൽ അത് എന്താണെന്ന് വെളിപ്പെടുത്തുമോ? | (സി) | സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവേശനം സുതാര്യവും സാമൂഹ്യനീതി ഉറപ്പുവരുത്തുന്നതുമായിരിക്കണമെന്ന കാഴ്ചപ്പാട് മുന്നിൽ കണ്ടുകൊണ്ട് 50% സീറ്റുകളിൽ സർക്കാർ ക്വാട്ടയിൽ പ്രവേശനം നടത്താൻ അവസരം ലഭിക്കണമെന്നതാണ് സർക്കാർ സ്വീകരിക്കുന്ന നിലപാട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ : 717

25.07.2007 ൽ മറുപടിക്ക്

## കയർ തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ എം.കെ. പുരുഷോത്തമൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ എ.എം. ആരിഫ്<br>ശ്രീ സി.കെ. സദാശിവൻ<br>ശ്രീ. എ.എം.യൂസഫ് | ശ്രീ. ജി. സുധാകരൻ<br>(സഹകരണവും കയറും ദേവസ്വവും വകുപ്പു മന്ത്രി) |
| (എ) കയർ തൊഴിലാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിലെ ആവശ്യങ്ങൾ എന്തെല്ലാമാണ്? | (ബി) കയർ മേഖല നേരിടുന്ന വിവിധ പ്രശ്നങ്ങളും കയർതൊഴിലാളികളുടെ പ്രശ്നങ്ങളും സംബന്ധിച്ച് ലഭിച്ചിട്ടുള്ള നിരവധി നിവേദനങ്ങൾ അപ്പപ്പോൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും, സ്വീകരിച്ചു വരികയും ചെയ്യുന്നു.<br>വിവിധ നിവേദനങ്ങളിലെ പൊതുവായതും പ്രാധാന്യമർഹിക്കുന്നതുമായ ആവശ്യങ്ങൾ താഴെ പറയുന്നു.<br>1. കയർ സഹകരണ സംഘങ്ങളുടെ സർക്കാർ /എൻ.സി.ഡി.സി വായ്പ സർക്കാർ ഷെയറാക്കി മാറ്റുക. |

2. കയർ സഹകരണ സംഘങ്ങളുടെ സഞ്ചിത നഷ്ടം എഴുതിത്തള്ളുക.
3. കയർ സഹകരണ സംഘങ്ങൾക്ക് ജില്ലാ സഹകരണ ബാങ്കിൽ നിന്നും നേരിട്ടും നബാർഡു മുഖേനയും ലഭിച്ചിട്ടുള്ള വായ്പകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
4. കയർ സഹകരണ സംഘങ്ങൾക്ക് പുന:രുദ്ധാരണ ഗ്രാന്റ്/പ്രവർത്തന മൂലധനം അനുവദിക്കുക.
5. കയർ മേഖലയിൽ ഡിപ്പോ സമ്പ്രദായം അവസാനിപ്പിക്കുക.
6. സംസ്ഥാനത്ത് കെട്ടിക്കിടക്കുന്ന കയറും കയറുല്പന്നങ്ങളും സംഭരിക്കുക.
7. റിബേറ്റ് സ്കീം പുന:സ്ഥാപിക്കുക.
6. ഉല്പാദനച്ചെലവനുസരിച്ച് കയർ ഉല്പന്നങ്ങളുടെ വില നിശ്ചയിക്കുക.
9. സംഘങ്ങളെ ഓഡിറ്റ് ഫീസിൽ നിന്നും ഒഴിവാക്കുക.
10. ഡീഫൈബറിംഗ് മില്ലുകൾക്ക് വൈദ്യുതി സബ്സിഡി അനുവദിക്കുക.
11. അസംസ്കൃത സാധനങ്ങൾ ന്യായവിലയ്ക്ക് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.
12. ഒത്തുതീർപ്പു വ്യവസ്ഥകൾ കയറ്റുമതിക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും നടപ്പിലാക്കുന്നതിനുള്ള നടപടി.
13. തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കൊടുക്കുക.
14. കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, കയറുല്പന്നങ്ങൾക്കു തീരുമാനിച്ച വില നൽകി ഉല്പന്നങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുക.
15. കയർ വ്യവസായത്തിൽ ഇന്നുള്ള

തൊഴിൽ മാന്ദ്യം പരിഹരിക്കാൻ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി 10 കോടി രൂപയുടെ കയറുല്പന്നങ്ങൾ വാങ്ങുന്നതിന് നടപടി സ്വീകരിക്കുക.

16. സഹകരണ സംഘങ്ങൾക്കു കിട്ടുവാനുള്ള എം.ഡി.എ അനുവദിച്ചു നൽകുകയും എം.ഡി.എ തുക വിനിയോഗിക്കുന്നതിനുള്ള നിയമം ഉദാരവൽക്കരിച്ചു ഉല്പാദനാവശ്യത്തിനു വിനിയോഗിക്കുവാൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുക.

17. കയർ ഉല്പാദന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ഖാദി മേഖലയ്ക്ക് അനുവദിച്ചതു പോലെ ഉല്പന്ന വിപണനത്തിന് റിബേററ് അനുവദിച്ചു നൽകുക.

സെക്ഷൻ ആഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 718** | **25.07.2007 ൽ മറുപടിക്ക്.**

### മൃഗശാലയിലെ രോഗബാധ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.ജി. കാർത്തികേയൻ | | ശ്രീ.എം.എ.ബേബി<br>വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി. | |
| (എ) | തിരുവനന്തപുരം മൃഗശാലയിൽ മൃഗങ്ങൾ കൂട്ടത്തോടെ ചത്തു പോയ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ഇതിനുള്ള കാരണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | പകർച്ചവ്യാധി വളർത്തു മൃഗങ്ങളെ ബാധിക്കുമെന്ന ആശങ്ക ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ രോഗബാധ പുറത്തേയ്ക്ക് പകരാതിരിക്കാനായി എന്തൊക്കെ പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | വിദഗ്ധ സംഘത്തിന്റെ ശുപാർശ പ്രകാരം മൃഗശാലയിലെ രോഗബാധിത പ്രദേശങ്ങളിൽ നിന്നും രോഗാണുക്കൾ സന്ദർശകരുടെ പാദരക്ഷ കൾ, വസ്ത്രങ്ങൾ എന്നിവയിലൂടെ പുറത്തേയ്ക്ക് പോയി രോഗം പുറത്തുള്ള വളർത്തു മൃഗങ്ങളിൽ വ്യാപിക്കാതിരിക്കുന്നതിന് വേണ്ടി മൃഗശാല 8.7.2007 -ൽ അടച്ചു. ഇതോടൊപ്പം മൃഗശാലയിലെ എല്ലാ ഭാഗങ്ങളും യുദ്ധകാലാടിസ്ഥാനത്തിൽ ശുചീകരിച്ച് അണുനാശിനി വിതറുന്ന ജോലികൾ പി.ഡബ്ള്യു.ഡി മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മൃഗശാലയിലെ മറ്റുമൃഗങ്ങളെ രോഗബാധയുണ്ടായ മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്ന കൂടുകളിൽനിന്നും |

| | | | |
|---|---|---|---|
| | | | കഴിയാവുന്നിടത്തോളം അകലെയാക്കി സൂക്ഷിച്ചുവരുന്നു. രോഗബാധിതരായ മൃഗങ്ങളെ പരിചരിക്കു വാൻ 4.7.2007 മുതൽ തന്നെ പ്രത്യേകം കീപ്പർമാരെ നിയോഗിക്കുകയും അവരെ മറ്റുള്ള മൃഗങ്ങളുമായി ഒരു രീതിയിലും ബന്ധപ്പെടുത്താതെ ശ്രദ്ധിക്കുകയും ചെയ്തുവരുന്നു. |
| (ഡി) | ഏതുതരം വൈറസ്മൂലമാണ് ഇത്തരം രോഗങ്ങൾ ഉണ്ടാകുന്നത്; | (ഡി) | Strain "O" വൈറസ് |
| (ഇ) | ഇതിന് ഫലപ്രദമായ ഔഷധം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ? | (ഇ) | കുളമ്പ് രോഗത്തിനെതിരായി വന്യമൃഗങ്ങളിൽ പ്രയോഗിക്കാവുന്ന യതൊരുവിധ പ്രതിരോധ കുത്തിവയ്പും നിലവിൽ ഇല്ല എന്നാണ് വിദഗ്ധരുടെ അഭിപ്രായം. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 719 | 25.7.2007 -ന് മറുപടിക്ക്

## ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തോമസ് ചാഴിക്കാടൻ<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. ജോസഫ് എം. പുതുശ്ശേരി | ശ്രീ. കെ.പി. രാജേന്ദ്രൻ<br>(റവന്യൂ വകുപ്പു മന്ത്രി) |

--------

(എ) ഈ വർഷത്തെ കാലവർഷത്തോടനുബന്ധിച്ച് എത്ര സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്;

(എ) ഈ വർഷത്തെ തെക്കു പടിഞ്ഞാറൻ കാലവർഷത്തോടനുബന്ധിച്ച് ഇടുക്കി, കോട്ടയം, പാലക്കാട്, കണ്ണൂർ, വയനാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. ഇടുക്കി ജില്ലയിൽ 17 സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായതായി ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിലെ മീനച്ചിൽ, കാഞ്ഞിരപ്പള്ളി എന്നീ താലൂക്കുകളിലും തൃശ്ശൂർ ജില്ലയിലെ കോടശ്ശേരി മലയിലും, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ആലക്കോട് തലശ്ശേരി താലൂക്കിൽ അയ്യങ്കുന്ന്, കണിച്ചാർ, കേളകം, കൊട്ടിയൂർ എന്നിവിടങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ തൊണ്ടർനാട് വില്ലേജിൽ വാളന്തോട് എന്ന പ്രദേശത്തും മലപ്പുറം ജില്ലയിൽ 9 സ്ഥലങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. പാലക്കാട് ജില്ലയിൽ

ഒറ്റപ്പാലം താലൂക്കിൽ 4 സ്ഥലത്തും ചിറ്റൂർ താലൂക്കിൽ 4 സ്ഥലത്തും ആലത്തൂർ താലൂക്കിൽ 6 സ്ഥലങ്ങളിലും ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ കോഴിക്കോട്, കൊയിലാണ്ടി, വടകര താലൂക്കുകളിലായി 3 സ്ഥലങ്ങളിൽ ഉരുൾപൊട്ടൽ ഉണ്ടായിട്ടുണ്ട്.

(ബി) ഉരുൾപൊട്ടൽ മൂലം എത്ര രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്; എത്ര കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്;

(ബി) ഉരുൾപൊട്ടൽ മൂലം ഉണ്ടായ നാശനഷ്ടങ്ങളുടേയും ഭവനരഹിതരായവരുടേയും വിശദവിവരം ചുവടെ ചേർക്കുന്നു.

<u>ഇടുക്കി ജില്ല</u>

നാശനഷ്ടതുക - 90,00,000/-

ഭവനരഹിതരായവർ - 7 കുടുംബങ്ങൾ

<u>കോട്ടയം ജില്ല</u>

നാശനഷ്ടതുക - 52,10,000/-

ഭവനരഹിതരായവർ - ഇല്ല

<u>തൃശ്ശൂർ ജില്ല</u>

നാശനഷ്ടതുക - 2,00,000/ -

ഭവനരഹിതരായവർ - ഇല്ല

<u>പാലക്കാട് ജില്ല</u>

നാശനഷ്ടതുക - 28,50,000/-

ഭവനരഹിതരായവർ - 11 കുടുംബങ്ങൾ

<u>മലപ്പുറം ജില്ല</u>

നാശനഷ്ടതുക - 1,92,50,000/-

ഭവനരഹിതരായവർ - ഇല്ല

<u>കണ്ണൂർ ജില്ല</u>

നാശനഷ്ടതുക - 7,14,000/-

ഭവനരഹിതരായവർ - ഇല്ല

<u>വയനാട് ജില്ല</u>

നാശനഷ്ടതുക - 38,50,000/-

ഭവനരഹിതരായവർ - ഒരു കുടുംബം

<u>കോഴിക്കോട് ജില്ല</u>

നാശനഷ്ടതുക - 25,25,000/-

ഭവനരഹിതരായവർ - 4 കുടുംബങ്ങൾ

(സി) ഉരുൾപൊട്ടൽ മൂലം ഭവനരഹിതരായിട്ടുള്ള കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

(സി) ഉരുൾപൊട്ടൽ മൂലം ഭവനരഹിതരായവർക്ക് 2/4/02 ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 65/02 ആർ.ഡി പ്രകാരം ഭവനരഹിതരായവർക്ക് 4 സെന്റ് പകരം ഭൂമിയും വീടു നിർമ്മാണത്തിന് 25,000/- രൂപയുമാണ് നല്കി വരുന്നത്. ഭവന രഹിതരായവർക്ക് ഭൂമി കണ്ടെത്തുന്നതിനുള്ള നടപടികൾ ജില്ലാകളക്ടർമാർ സ്വീകരിച്ചു വരുന്നു. ഉരുൾപൊട്ടിയ മേഖലകളിൽ പുനരധിവസിപ്പിക്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി വരുന്നു. ഇവർക്കായി ഒരു പ്രത്യേക പാക്കേജ് തയ്യാറാക്കി വരുന്നു. 3000 വീടുകൾ ഈ മേഖലകളിൽ നിർമ്മിച്ചു നൽകുന്നതിനുള്ള ഒരു പ്രൊജക്ട് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമുള്ള ചോദ്യം നമ്പർ. * 720 25/07/2007 -ൽ മറുപടിയ്ക്ക്

## റീസർവ്വേ അപാകതകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോവൂർ കുഞ്ഞുമോൻ<br>ശ്രീ.എ. എ. അസീസ്. | ശ്രീ.കെ.പി.രാജേന്ദ്രൻ,<br>(റവന്യൂ വകുപ്പു മന്ത്രി) |
| എ) റീസർവ്വേയിൽ ഉണ്ടായിട്ടുള്ള അപാകതകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വെളിപെടുത്തുമോ ; | ബി) റീസർവെ റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിൽ റീസർവെ റിക്കാർഡുകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികൾ പരിഹരിക്കുന്നതിന് ഒരു മാസത്തെ സർവെ അദാലത്തുകൾ നടത്തുന്നുണ്ട്. സർവെ അദാലത്തിൽ പരാതികൾ നൽകാൻ കഴിയാത്തവർക്ക് അതാത് ജില്ലകളിലെ ജില്ലാ സർവെ സൂപ്രണ്ടുമാർക്ക് പരാതി നൽകി പരിഹാരം കാണാവുന്നതാണ്. |
| സി) സർവ്വേ ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പുതുതായി എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തി യിട്ടുണ്ട് ? | സി) ജനകീയ പങ്കാളിത്തത്തോട് കൂടി അടുത്ത 3 വർഷത്തിനുള്ളിൽ റീസർവെ പൂർത്തിയാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള പ്രാരംഭ നടപടികൾ തിരുവനന്തപുരം ജില്ലയിൽ തൈക്കാട് വില്ലേജിൽ ആരംഭിച്ചിട്ടുണ്ട്. ഓരോ ജില്ലയിലും 2 വീതം വില്ലേജുകളിൽ " തൈക്കാട് മോഡൽ റീസർവ്വേ നടപടികൾ പൂർത്തിയാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |

Radha

സെക്ഷൻ ഓഫീസർ